# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## ഇടമുളയ്ക്കൽ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കൊല്ലം.-691001

ഇ-മെയിൽ: doklm.ksad@kerala.gov.in

ഫോൺ : 0474-2740141

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA KLM-P1/1952/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കൊല്ലം.-691001
തീയ്യതി: 04/12/2023
ഇ-മെയിൽ: doklm.ksad@kerala.gov.in
ഫോൺ: 0474-2740141

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ഇടമുളയ്ക്കൽ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : ഇടമുളയ്ക്കൽ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ഇടമുളയ്ക്കൽ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കൊല്ലം.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSA KLM-P1/1952/2023 തീയ്യതി: 04/12/2023

## കൊല്ലം ജില്ലയിലെ ഇടമുളയ്ക്കൽ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കൊല്ലം ജില്ലയിലെ ഇടമുളയ്ക്കൽ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 20-02-2023 മുതൽ 31-10-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 13 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 5 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.അനിൽകുമാർ.എസ് | ഡെപ്യൂട്ടി ഡയറക്ടർ | 04-11-2023 | 10-11-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 04-11-2023 | 10-11-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. ഐസക് ജോൺ, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)

ശ്രീമതി. സിജാറാണി എസ്, ഓഡിറ്റ് ഓഫീസർ

ശ്രീ. എം.ഷഫീഖ്, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ (06-11-23 മുതൽ 10-11-23 വരെ)

ശ്രീ. അനീഷ് വി. എസ്, സീനിയർ ഗ്രേഡ് ഓഡിറ്റർ

ശ്രീ. ശ്രീകുമാർ എസ്, ഓഡിറ്റർ (04-11-23)

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.സുജാ സുരേന്ദ്രൻ | പ്രസിഡന്റ് | 01-04-2022 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.അജയ്.എ,അസി.സെക്രട്ടറി | സെക്രട്ടറി ഇൻ ചാർജ്ജ് | 01-04-2022 | 28-04-2022 |
| ശ്രീമതി സബിദ.യു | സെക്രട്ടറി | 28-04-2022 | 31-03-2023 |
| ശ്രീ.അജയ്.എ | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2022 | 31-10-2022 |
| ശ്രീമതി.സോഫിയ.ആർ | അസിസ്റ്റന്റ് സെക്രട്ടറി | 31-10-2022 | 31-03-2023 |
| ശ്രീ.സുനിൽകുമാർ.പി | അസിസ്റ്റന്റ് എഞ്ചിനിയർ | 01-04-2022 | 31-03-2023 |
| ഡോ.നായർ ഇന്ദിര ജനാർദ്ധനൻ | വെറ്റിനറി സർജൻ | 01-04-2022 | 31-03-2023 |
| ശ്രീമതി.കൃഷ്ണ | കൃഷി ഓഫീസർ | 01-04-2022 | 31-03-2023 |
| ഡോ.എലിസബത്ത് എബ്രഹാം | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി | 01-04-2022 | 31-03-2023 |
| ഡോ.ശ്യാമകൃഷ്ണൻ | മെഡിക്കൽ ഓഫീസർ-ആയുർവേദം | 01-04-2022 | 31-03-2023 |
| ഡോ.സൗമ്യ | മെഡിക്കൽ ഓഫീസർ(ഹോമിയേ) | 01-04-2022 | 21-04-2022 |
| ഡോ.സീമ | മെഡിക്കൽ ഓഫീസർ(ഹോമിയേ) | 21-04-2022 | 22-06-2022 |
| ഡോ.സുനിതകുമാരി | മെഡിക്കൽ ഓഫീസർ(ഹോമിയേ) | 22-06-2022 | 31-03-2023 |
| ശ്രീമതി.കാർത്തിക | ഡയയറി ഫാം ഇൻസ്ട്രക്ടർ | 01-04-2022 | 31-03-2023 |
| ശ്രീമതി.സോണി.എസ് | ഐ.സി.ഡി.എസ് സുപ്പർവൈസർ | 01-04-2022 | 15-06-2022 |
| ശ്രീമതി.സിമി.എസ് | ഐ.സി.ഡി.എസ് സുപ്പർവൈസർ | 15-06-2022 | 19-01-2023 |
| ശ്രീമതി.മഞ്ജു | ഐ.സി.ഡി.എസ് സുപ്പർവൈസർ | 19-01-2023 | 31-03-2023 |
| ശ്രീമതി.ചാരുത.സി.എസ് | അക്രഡിറ്റഡ് | 01-04-2022 | 31-03-2023 |

| | | | |
|---|---|---|---|
| | എൻജിനീയർ,MGNREGS | | |
| ശ്രീമതി നജിമ.എൻ | വി.ഇ.ഒ അറയ്ക്കൽ | 01-04-2022 | 31-03-2023 |
| ശ്രീമതി,തസ്ലിം റഹിം | വി.ഇ.ഒ ഇടമുളയ്ക്കൽ | 01-04-2022 | 20-07-2022 |
| VACANT | വി,ഇ.ഒ ഇടമുളയ്ക്കൽ | 21-07-2022 | 10-08-2022 |
| ശ്രീ.ശംഭു | വി,ഇ.ഒ ഇടമുളയ്ക്കൽ | 11-08-2022 | 31-03-2023 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | 1-1 |
| 2 | അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല | 1-1-01 |
| 3 | ക്യാഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ ക്യാഷ് ഫ്ലോയും മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും പൊരുത്തപ്പെടുന്നില്ല. | 1-1-02 |
| 4 | സ്ഥാപനത്തിന്റെ ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിരിക്കുന്ന ലോൺ ബാധ്യത യഥാർത്ഥ കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല. | 1-1-03 |
| 5 | വാർഷികകണക്കുകളിലെ തുകകളെ സാധൂകരിക്കുന്ന രീതിയിൽ രജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ല. | 1-1-04 |
| 6 | പ്രതിമാസ പൊരുത്തപ്പെടുത്തൽ ഇല്ല. | 1-1-05 |
| 7 | സ്ഥിരനിക്ഷേപം അക്കൗണ്ട്സുമായി പൊരുത്തപ്പെടുന്നില്ല. | 1-1-06 |
| 8 | തൻവർഷം നൽകിയ ഡെപ്പോസിറ്റ് തുകകളുടെ വിശദാംശങ്ങൾ വാർഷിക ധനകാര്യ പത്രികയിലെ R&P പത്രിക, ബാലൻസ് ഷീറ്റ് എന്നിവയിൽ ഉൾപ്പെടുത്തിയില്ല. | 1-1-07 |
| 9 | സി.എഫ്.സി. അക്കൗണ്ടിന്റെ ബാലൻസ് ഷീറ്റിൽ B-4, B-17 പത്രികയിൽ ഉൾപ്പെട്ടിരിക്കുന്ന ബാധ്യത തുകകൾ പൊരുത്തപ്പെടുന്നില്ല. | 1-1-08 |
| 10 | ഫ്രണ്ട് ഓഫീസ് വരവ്, റീകൺസിലിയേഷൻ പത്രികയിൽ "ബാങ്കിൽ നേരിട്ട് വന്ന തുക" ആയി ഉൾപ്പെടുത്തിയിരിക്കുന്നു | 1-1-09 |
| 11 | ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിരിക്കുന്ന ബാധ്യതകളുടെ കൃത്യത ബോധ്യപ്പെട്ടിട്ടില്ല. | 1-1-10 |
| 12 | ബജറ്റ് | 1-2 |
| 13 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം) | 1-3 |
| 14 | ഫണ്ട് വിനിയോഗം | 1-4 |
| 15 | പദ്ധതി അവലോകനം | 1-5 |
| 16 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 17 | ക്ഷേമ പദ്ധതികൾ | 1-7 |
| 18 | ക്യാഷ് പരിശോധന | 1-8 |
| 19 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 20 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 21 | തനതുവരുമാന വർദ്ധനവ്- സേവന ഉപനികുതി ഈടാക്കാവുന്നതാണ് | 1-11 |

| | | |
|---|---|---|
| 22 | കംപ്ലീഷൻ പ്ലാൻ പ്രകാരമുള്ള തറവിസ്തീർണ്ണത്തിനനുസൃതമായി വസ്തുനികുതി നിർണയിച്ചില്ല | 1-12 |
| 23 | വാടക കുടിശ്ശിക പൂർണ്ണമായും ഈടാക്കിയില്ല. | 1-13 |
| 24 | വിനിയോഗ വിവരങ്ങൾ ലഭ്യമാക്കിയില്ല | 1-14 |
| 25 | അർഹത തെളിയിക്കുന്ന രേഖയില്ലാതെ ലാപ്ടോപ്പ് നൽകി | 1-15 |
| 26 | വിനിയോഗിക്കാത്ത തുക തിരിച്ചടച്ചില്ല | 1-16 |
| 27 | പ്രവൃത്തി പൂർത്തീകരിച്ചില്ല | 1-17 |
| 28 | സ്ഥിര നിക്ഷേപം പുതുക്കിയപ്പോൾ അനുവദനീയമായ പലിശ വരവ് വച്ചിട്ടില്ല | 1-18 |
| 29 | ഭക്ഷ്യോത്പന്നങ്ങളുടെ കടത്തു കൂലി ഇനത്തിൽ 28,316/- രൂപ അനുവദിച്ചതിന്റെ രേഖകൾ ഹാജരാക്കിയില്ല- ചെലവ് തടസ്സപ്പെടുത്തുന്നു | 1-19 |
| 30 | ഹരിതകർമ്മസേന-അവലോകനം | 1-20 |
| 31 | വസ്തുനികുതി പരിഷ്കരണം -2023-24 | 1-21 |
| 32 | പൂർത്തീകരണ കാലാവധി ദീർഘിച്ചതിന് പിഴ ഈടാക്കിയില്ല-1,00,295/- രൂപ | 1-22 |
| 33 | റോഡ് കണക്റ്റിവിറ്റി മാപ്പ് തയ്യാറാക്കൽ - പ്രോജക്ട് പൂർത്തീകരിച്ചില്ല | 1-23 |
| 34 | കുഴിച്ചെടുത്ത മണ്ണ് ഫില്ലിംഗിന് ഉപയോഗിച്ചില്ല- നിരാകരിക്കുന്ന തുക-14,011/- രൂപ | 1-24 |
| 35 | MGNREGS- മെറ്റീരിയൽ പ്രവൃത്തികളിൽ ജി.എസ്.റ്റി. 2% റ്റി.ഡി.എസ്. ആയി കുറവ് ചെയ്തിട്ടില്ല. | 1-25 |
| 36 | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി- പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നില്ല. | 1-26 |
| 37 | ഇൻഷുറൻസ് കവറേജ് ഇല്ലാത്ത പ്രവൃത്തികൾക്ക് ഫൈൻ ഈടാക്കിയില്ല | 1-27 |
| 38 | ഇ-ടെണ്ടർ ഫാറവില തിരികെ ഈടാക്കാൻ നടപടി സ്വീകരിക്കണം. | 1-28 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| 1 | കുഴിച്ചെടുത്ത മണ്ണ് ഫില്ലിംഗിന് ഉപയോഗിച്ചില്ല - നിരാകരിക്കുന്ന തുക-14,011/- രൂപ | 3-1 |
| ഭാഗം **4** | | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |

| | | |
|---|---|---|
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | അനുബന്ധപത്രികകൾ | |

## ഭാഗം -1

## പൊതു അവലോകനം

### 1-1 ഓഡിറ്റ് സക്ഷ്യപത്രം

I. കേരള പഞ്ചായത്ത് രാജ് ആക്ട് 1994 ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാനുവൽ ചാപ്റ്റർ 4.2.1 & 11.3 എന്നിവയും സംസ്ഥാന ഗവൺമെന്റ് / കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും അനുവർത്തിക്കേണ്ട നിർദ്ദേശങ്ങളും അനുസരിച്ച് തയ്യാറാക്കിയ ഇടമുളയ്ക്കൽ ഗ്രാമപഞ്ചായത്തിന്റെ 31-03-2023 ൽ അവസാനിച്ച സാമ്പത്തിക വർഷത്തെ റസീപ്റ്റ് & പെയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ്, ബാലൻസ് ഷീറ്റ് എന്നിവ ഉൾപ്പെടുന്ന ധനകാര്യ പത്രികകളും നിർദ്ദിഷ്ട അനുബന്ധ ഫോറങ്ങളും 12.07.2023 ലെ ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 10(1) നമ്പർ തീരുമാനം പ്രകാരം അംഗീകരിച്ച് 01.08.2023 ൽ ഓഡിറ്റിന് സമർപ്പിച്ചത് ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. പഞ്ചായത്ത് രാജ് സ്ഥാപന മാനേജ്മെന്റിന്റെ ഉത്തരവാദിത്തത്തിൽ തയ്യാറാക്കിയ ഈ അക്കൗണ്ടുകളിന്മേൽ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തി അഭിപ്രായം രേഖപ്പെടുത്തുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

II. പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനായി C&AG പുറപ്പെടുവിച്ച മാർഗ്ഗനിർദ്ദേശങ്ങളും ഓഡിറ്റിംഗ് സ്റ്റാന്റേർഡുകളും അനുസരിച്ചാണ് ഞാൻ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റുകളില്ലാത്തതാണ് എന്ന് ന്യായമായും ഉറപ്പു വരുത്തുന്ന തരത്തിൽ ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നിർവ്വഹിക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ / മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകൾക്കും വെളിപ്പെടുത്തലുകൾക്കും അടിസ്ഥാനമായ തെളിവുകൾ പരിശോധിക്കുന്നതും, ഉപയോഗിച്ചിരിക്കുന്ന അക്കൗണ്ടിംഗ് തത്വങ്ങളുടേയും തയ്യാറാക്കിയിരിക്കുന്ന പ്രസക്തമായ എസ്റ്റിമേറ്റുകളുടേയും വിലയിരുത്തലും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണത്തിന്റെ വിലയിരുത്തലും ഓഡിറ്റിൽ നിർവ്വഹിച്ചിട്ടുണ്ട്. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

III. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളെയും വിശദീകരണങ്ങളെയും അടിസ്ഥാനമാക്കിയും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി ലഭിച്ച പരമാവധി വിവരങ്ങളുടെ അടിസ്ഥാനത്തിലും, അവയിന്മേൽ നൽകപ്പെട്ട വിശദീകരണങ്ങൾ പരിഗണിച്ചും അനുബന്ധ റിപ്പോർട്ടിലെ നിരീക്ഷണങ്ങൾക്ക് വിധേയമായും ഞാൻ താഴെപറയും പ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

വിശേഷണങ്ങളോടു കൂടിയ സാക്ഷ്യപത്രം

അനുബന്ധ റിപ്പോർട്ടിലെ വിശേഷണങ്ങളോടു കൂടിയ അഭിപ്രായത്തിന് ആധാരമായി വിവരിച്ചിരിക്കുന്ന കാര്യങ്ങളിൽ ഒഴികെ അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, ഇടമുളയ്ക്കൽ ഗ്രാമപഞ്ചായത്തിന്റെ 2022-23 ലെ വാർഷിക ധനകാര്യപത്രികകൾ സാമ്പത്തിക നിലയെക്കുറിച്ചും സാമ്പത്തിക ഫലത്തെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

### 1-1-01 അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല

റേഷ്യോസ്, സെക്രട്ടറിയുടെ കുറിപ്പുകൾ.

### 1-1-02 ക്യാഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ ക്യാഷ് ഫ്ലോയും മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും പൊരുത്തപ്പെടുന്നില്ല.

ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിലെ “Net Increase/decrease In Cash And Cash Equivalents” 2,75,63,004/-

രൂപയും Net Cash Generated By Operating + Investing + Financing Activity – 2,34,52,657/-രൂപയും ആണ്. മേൽ തുകകൾ തുല്യമല്ലാത്തതിനാൽ ഈ പത്രികയുടെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്താനാവുന്നില്ല.

1-1-03 സ്ഥാപനത്തിന്റെ ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിരിക്കുന്ന ലോൺ ബാധ്യത യഥാർത്ഥ കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല.

ലൈഫ് ഭവന പദ്ധതിയുടെ ലോണിനത്തിൽ യഥാർത്ഥത്തിൽ തിരിച്ചടയ്ക്കാൻ ബാക്കി നിൽക്കുന്ന തുകയല്ല വാർഷിക ധനകാര്യ പത്രികയിലെ ബാലൻസ് ഷീറ്റിൽ ലോൺ ബാധ്യതയായി ഉൾപ്പെടുത്തിയിരിക്കുന്നത്. 3,12,76,223/-രൂപ ലൈഫ് ലോണിനത്തിൽ വായ്പാ കുടിശ്ശിക നിലവിലുണ്ടെങ്കിലും വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിരിക്കുന്ന തുക 3,09,23,539/-രൂപയാണ്.

1-1-04 വാർഷികകണക്കുകളിലെ തുകകളെ സാധൂകരിക്കുന്ന രീതിയിൽ രജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ല.

ഡെപ്പോസിറ്റ് രജിസ്റ്റർ, അഡ്വാൻസ് രജിസ്റ്റർ, ലോൺ രജിസ്റ്റർ എന്നിവ കാലികമാക്കി സൂക്ഷിച്ചിട്ടില്ല. തൻവർഷം നടത്തിയ ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് നൽകിയ തുക അഡ്വാൻസിൽ ഉൾപ്പെടുത്തിയിട്ടില്ല. ആയതിനാൽ ടി ഇനങ്ങളിലുള്ള തുകകളുടെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടിട്ടില്ല.

1-1-05 പ്രതിമാസ പൊരുത്തപ്പെടുത്തൽ ഇല്ല.

ലെഡ്ജർ ബാലൻസും ആ ശീർഷകവുമായി ബന്ധപ്പെട്ട രജിസ്റ്ററുകളും തമ്മിൽ പ്രതിമാസം പൊരുത്തപ്പെടുത്തൽ നടത്തുന്നില്ല.

1-1-06 സ്ഥിരനിക്ഷേപം അക്കൗണ്ട്സുമായി പൊരുത്തപ്പെടുന്നില്ല.

തൻവർഷം 9,48,504/-രൂപ സ്ഥിരനിക്ഷേപം ഗ്രാമപഞ്ചായത്തിന് ഉണ്ട്. എന്നാൽ വാർഷിക ധനകാര്യ പത്രികയിൽ മുൻബാക്കിയായും നീക്കിയിരിപ്പായും ഉൾപ്പെടുത്തിയിരിക്കുന്ന തുക 8,86,452/-രൂപയാണ്.

1-1-07 തൻവർഷം നൽകിയ ഡെപ്പോസിറ്റ് തുകകളുടെ വിശദാംശങ്ങൾ വാർഷിക ധനകാര്യ പത്രികയിലെ R&P പത്രിക, ബാലൻസ് ഷീറ്റ് എന്നിവയിൽ ഉൾപ്പെടുത്തിയില്ല.

തൻവർഷം നൽകിയ ഡെപ്പോസിറ്റ് തുകകളുടെ വിശദാംശങ്ങൾ -
ഗ്രാമ പഞ്ചായത്ത് ഓഫീസിൽ കുഴൽകിണർ നിർമ്മാണത്തിനായി ഭൂഗർഭ ജല വകുപ്പിൽ ഒടുക്കിയ 2,34,600/-രൂപയും അടിയന്തിര പ്രാധാന്യമുള്ള പോസ്റ്റുകൾ മാറ്റി സ്ഥാപിക്കൽ എന്ന പദ്ധതിക്കായി കെ.എസ്.ഇ.ബി-യിൽ ഒടുക്കിയ 1,97,961/-രൂപയും വാർഷിക ധനകാര്യ പത്രികയിലെ R&P പത്രിക, ബാലൻസ് ഷീറ്റ് എന്നിവയിൽ ഉൾപ്പെടുത്തിയിട്ടില്ല.

1-1-08 സി.എഫ്.സി. അക്കൗണ്ടിന്റെ ബാലൻസ് ഷീറ്റിൽ B-4, B-17 പത്രികയിൽ ഉൾപ്പെട്ടിരിക്കുന്ന ബാധ്യത തുകകൾ പൊരുത്തപ്പെടുന്നില്ല.

ബി-4 പത്രിക പ്രകാരം സി.എഫ്.സി. ആകെ നീക്കിയിരിപ്പ് 99,47,257/- (2265246+7682011) ആണ്. എന്നാൽ RP-40(b), B-17, ബാങ്ക് പത്രിക എന്നിവ പ്രകാരം നീക്കിയിരിപ്പ് തുക 97,85,922/-രൂപയാണ്. ബാങ്ക് പാസ്സ് ബുക്ക് പ്രകാരം നീക്കിയിരിപ്പ് 98,15,876/-രൂപ.

1-1-09 ഫ്രണ്ട് ഓഫീസ് വരവ്, റീകൺസിലിയേഷൻ പത്രികയിൽ "ബാങ്കിൽ നേരിട്ട് വന്ന തുക" ആയി ഉൾപ്പെടുത്തിയിരിക്കുന്ന

എസ്.ബി.ഐ.-തനത് ഫണ്ട് അക്കൗണ്ടിൽ (31669649591) 03-10-22 ൽ ബാങ്കിൽ നേരിട്ട് ക്രഡിറ്റ് ആയതായി പൊരുത്തപ്പെടുത്തൽ പത്രികയിൽ ഉൾപ്പെടുത്തിയിരിക്കുന്ന 11,038/- രൂപ 1220000249 രസീത് പ്രകാരം പഞ്ചായത്തിൽ നേരിട്ട് വരവ് വന്ന തുകയാണ്. ടി തുക പൊരുത്തപ്പെടുത്തൽ പത്രികയിൽ ഉൾപ്പെടുത്തിയിരിക്കുന്നതിന്റെ കാരണം വ്യക്തമല്ല.

1-1-10 ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിരിക്കുന്ന ബാധ്യതകളുടെ കൃത്യത ബോധ്യപ്പെട്ടിട്ടില്ല.

ബാലൻസ് ഷീറ്റിൽ B-4 പത്രികയിൽ ജില്ലാ പഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത് വിഹിതമായി ലഭിച്ചതിൽ വിനിയോഗിക്കാൻ ബാക്കി നിൽക്കുന്ന തുകകളുടെ കൃത്യത തെളിയിക്കുന്ന രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

1-2 ബജറ്റ്

26-03-2023 ലെ 1(1) നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. പുതുക്കിയ/പരിഷ്കരിച്ച ബജറ്റ് 15-03-2023 ലെ നാലാം നമ്പർ തീരുമാനപ്രകാരവും അംഗീകരിച്ചു.

1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 5,08,60,260/-രൂപ |
| വരവ് | 8,36,19,152/-രൂപ |
| ആകെ | 13,44,79,412/-രൂപ |
| ചെലവ് | 5,60,56,148/-രൂപ |
| നീക്കിയിരിപ്പ് | 7,84,23,264/-രൂപ |
| വരവിനങ്ങളിലുള്ള നഷ്ടം | - |
| ചെലവിനങ്ങളിലുള്ള നഷ്ടം/<br>ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 1,14,306/- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 22,67,876/- |

വികസനഫണ്ട്, മെയിന്റനൻസ് ഗ്രാന്റ്, ധനകാര്യ കമ്മീഷൻ ഗ്രാന്റ് എന്നീ ഇനങ്ങളിലെ ട്രഷറി അക്കൗണ്ടിലെ വരവ് ചെലവുകൾ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റിൽ ഇല്ലാത്തതിനാൽ സാമ്പത്തിക വിശകലനത്തിലും ഉൾപ്പെടുത്തിയിട്ടില്ല.

1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | ഒ.ബി. (₹) | വരവ് (₹) | ആകെ (₹) | ചെലവ് (₹) | സി.ബി. (₹) |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | 0 | 24675750/- | 24675750/- | 22919165/- | 1756585/- |
| വികസന ഫണ്ട്-എസ്.സി.പി.<br>(ACR പ്രകാരം) | 0 | 11785000/- | 11785000/- | 10916983/- | 868017/- |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | 0 | 10302000/- | 10302000/- | 4532124/- | 5769876/- |
| മെയിന്റനൻസ്, നോൺ-റോഡ്<br>(ACR പ്രകാരം) | 0 | 9354000/- | 9354000/- | 6047633/- | 3292557/- |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്<br>( Tied-Bank) (ACR പ്രകാരം) | 0 | 6725000/- | 6725000/- | 3373593/- | 3351407/- |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്<br>(Untied-Bank) (ACR പ്രകാരം) | 4026457/- | 4800864/-<br>(4483000+<br>317864) | 8827321/- | 2619211/- | 6208110/- |

| | | | | | | |
|---|---|---|---|---|---|---|
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (Tied-Treasury (ACR പ്രകാരം) | | 0 | 4876968/- | 4876968/- | 860023/- | 4016945/- |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (Untied-Treasury) (ACR പ്രകാരം) | | 0 | 729518/- | 729518/- | 399992/- | 329526/- |
| ഹെൽത്ത് ഗ്രാന്റ് – Support For Diagonostic Infrastructure | | - | 297043/- | 297043/- | 0 | 297043/- |
| ഹെൽത്ത് ഗ്രാന്റ് | | - | 162284/- | 162284/- | 0 | 162284/- |
| സാക്ഷരത | | 2211/- | 0 | 2211/- | 0 | 2211/- |
| എം.ജി.എൻ. ആർ.ഇ.ജി.എസ്. | തൊഴിലാളികളുടെ കൂലി | - | 79181000/- | 79181000/- | 79181000/- | - |
| | അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 0 | 1459563/- | 1459563/- | 1457724/- | 1839/- |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ (ഇനം തിരിച്ച് ചേർക്കുക) | | | | | | |
| ICDS | | 384025/- | 2305062/- | 2689087/- | 2200000/- | 489087/- |
| TSC | | 7705691/- | 128191/- | 7833882/- | 132/- | 7833750/- |
| ലൈഫ് – സ്റ്റേറ്റ് ഷെയർ | | 1009195/- | 12810000/- | 13819195/- | 2180000/- | 11639195/- |
| SSA | | 1122731/- | 0 | 1122731/- | 0 | 1122731/- |

1) വികസന ഫണ്ട് -ജനറൽ വിഭാഗത്തിൽ സാംഖ്യ എ.സി.ആർ. പ്രകാരമുള്ള ചെലവിനൊപ്പം സ്രോതസ്സിൽ കുറവ് വരുത്തിയ തുക കൂടി ഉൾപ്പെടുത്തിയുള്ള ആകെ ചെലവ് 2,29,19,165/-രൂപയാണെങ്കിലും സുലേഖ ചെലവ് പത്രികയിൽ ചെലവ് 2,26,91,415/-രൂപയാണ്. 2,27,750/-രൂപ വ്യത്യാസം. പ്രോജക്ട് നം -81/23 പ്രകാരം പിൻവലിച്ച 1,23,800/-രൂപയുടേയും പ്രോജക്ട് നം -122/23 പ്രകാരം പിൻവലിച്ച 1,03,950/-രൂപയുടേയും ചെലവുകൾ സാംഖ്യ ചെലവ് പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല.

2) മെയിന്റനൻസ് ഗ്രാന്റ് -നോൺ റോഡ് വിഹിതത്തിൽ നിന്നും പ്രോജക്ട് നം -292/23 പ്രകാരം ചെലവ് അനുവദിച്ച 13,810/-രൂപ ട്രഷറിയിൽ നിന്നും പണമായി മാറിയിട്ടില്ല.

3) TSC ഫണ്ട് നിക്ഷേപിച്ചിരിക്കുന്ന CBI -യുടെ ആയൂർ ബ്രാഞ്ചിലുള്ള 1377456525 നമ്പർ അക്കൗണ്ടിന്റെ ബാങ്ക് പത്രിക പ്രകാരം തൻവർഷം 32,91,276/-രൂപയുടെ ചെലവ് ഉണ്ട്. ചെലവിനാനുപാതികമായി തുക ജേണൽ ചെയ്ത് ലയബിലിറ്റി കുറവ് വരുത്തിയിട്ടില്ല. ബാങ്ക് പത്രിക പ്രകാരം നീക്കിബാക്കി 33,02,741.05/-രൂപയാണ്.

4) സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (Tied-Treasury)-യിൽ നിന്നും ചെലവ് നടത്തിയ 15,400/-രൂപ (9400+6000) തിരികെ അക്കൗണ്ടിൽ ക്രഡിറ്റ് ചെയ്യപ്പെട്ടതിനാൽ ടി തുക കുറവ് വരുത്തിയാണ് ചെലവ് ഉൾപ്പെടുത്തിയിരിക്കുന്നത്.

5) സി.എഫ്.സി. അക്കൗണ്ടിന്റെ ബാലൻസ് ഷീറ്റിൽ B-4, B-17 പത്രികയിൽ ഉൾപ്പെട്ടിരിക്കുന്ന ബാധ്യത തുകകൾ പൊരുത്തപ്പെടുന്നില്ല. ബി-4 പത്രിക പ്രകാരം സി.എഫ്.സി. ആകെ നീക്കിയിരിപ്പ് 99,47,257/-രൂപ (2265246+7682011) ആണ്. എന്നാൽ RP-40(b), B-17, ബാങ്ക് പത്രിക എന്നിവ പ്രകാരം നീക്കിയിരിപ്പ് തുക 97,85,922/-രൂപയാണ്. ബാങ്ക് പാസ്സ് ബുക്ക് പ്രകാരം നീക്കി ബാക്കി 98,15,876/-രൂപയുമാണ്. മുൻവർഷത്തെ വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള നീക്കിയിരിപ്പിന്റെ അടിസ്ഥാനത്തിലാണ് ഖണ്ഡിക തയ്യാറാക്കിയിരിക്കുന്നത്. മുൻബാക്കി, നീക്കിബാക്കി തുകകളുടെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടിട്ടില്ല. സി.എഫ്.സി. നീക്കിബാക്കി കൃത്യമാക്കി പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

6) MGNREGS- ബാങ്ക് പാസ്സ് ബുക്ക് പ്രകാരം തൻവർഷത്തെ അഡ്മിനിസ്ട്രേറ്റീവ് വരവ് 14,60,319/-രൂപയും ചെലവ് 14,58,480/-രൂപയും ആണ്. എന്നാൽ വാർഷിക ധനകാര്യ പത്രികയിലെ തുകയുടെ അടിസ്ഥാനത്തിലാണ് പട്ടികയിൽ തുക ഉൾപ്പെടുത്തിയിരിക്കുന്നത്.

## 1-5 പദ്ധതി അവലോകനം

2022-23 സാമ്പത്തിക വർഷം അംഗീകാരം ലഭിച്ചതും, നടപ്പാക്കിയതുമായ പ്രോജക്ടുകളുടെ വിശദാംശം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ (രൂപ) | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് (രൂപ) | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 274 | 25,02,25,535/- | 182 | 8,29,00,529/- | - | 92 | 66 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ്₹ | വരവ് ₹ | ആകെ ₹ | ചെലവ്₹ | നീക്കിയിരുപ്പ്₹ |
|---|---|---|---|---|---|
| ഭരണചെലവുകൾ MGNREGS A/c | 0 | 14,59,563/- | 14,59,563/- | 14,57,724/- | 1,839/- |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | - | 7,91,81,000/- | 7,91,81,000/- | 7,91,81,000/- | - |

MGNREGS- ബാങ്ക് പാസ്സ് ബുക്ക് പ്രകാരം തൻവർഷത്തെ അഡ്മിനിസ്ട്രേറ്റീവ് വരവ് 14,60,319/-രൂപയും ചെലവ് 14,58,480/-രൂപയും ആണ്. എന്നാൽ വാർഷിക ധനകാര്യ പത്രികയിലെ തുകയുടെ അടിസ്ഥാനത്തിലാണ് പട്ടികയിൽ തുക ഉൾപ്പെടുത്തിയിരിക്കുന്നത്.

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക ₹ |
|---|---|
| കർഷകതൊഴിലാളി പെൻഷൻ | 75,88,100/- |
| വിധവാ പെൻഷൻ | 2,06,20,800/- |
| വാർദ്ധക്യകാല പെൻഷൻ | 3,91,38,700/- |
| വികലാംഗ പെൻഷൻ | 56,09,700/- |
| 50 വയസിന് മുകളിൽ പ്രായമുള്ള അവിവാഹിതകൾക്കുള്ള പെൻഷൻ | 4,25,000/- |
| വിധവകളുടെ പെൺമക്കളുടെ വിവാഹധനസഹായം | 3,00,000/- |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 04-11-2023 ൽ സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 58,169/-രൂപയുടെ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

ജീവനക്കാരുടെ കർത്തവ്യങ്ങൾ വ്യക്തമായി രേഖപ്പെടുത്തിയ ജോലി വിഭജനരേഖ സ്ഥാപനത്തിൽ പരിപാലിച്ചിട്ടുണ്ട്. വരവുകൾ ILGMS മുഖേന സ്വീകരിച്ചുവരുന്നു. വൗച്ചറുകൾ ബന്ധപ്പെട്ട ധനകാര്യ

സ്റ്റാന്റിംഗ് കമ്മറ്റി പരിശോധിക്കുന്നുണ്ട്.
കരാർ പ്രവൃത്തികൾ ഏറ്റെടുത്ത് നടത്തിയവരിൽ നിന്നും തൊഴിൽനികുതി ഈടാക്കുന്ന രീതി അനുവർത്തിച്ചിട്ടില്ല. ഈ ഇനത്തിലുള്ള വരുമാനസാദ്ധ്യത പരിശോധിക്കേണ്ടതാണ്.
നിക്ഷിപ്തമായ ചുമതലകൾ ബാധകമായ നിയമങ്ങൾക്കും ചട്ടങ്ങൾക്കും മാർഗനിർദ്ദേശങ്ങൾക്കും അനുസൃതമായി മിതവ്യയം പാലിച്ച് ഫലപ്രാപ്തിയിലെത്തിക്കുന്നതിന് ഉതകുന്ന നിയന്ത്രണ/മേൽനോട്ട സംവിധാനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കാൻ ഭരണ നിർവഹണാധികാരികൾ ശ്രദ്ധിക്കേണ്ടതുണ്ട്.
ഭവനനിർമ്മാണം/ഭവനപുനരുദ്ധാരണം എന്നീ പ്രവൃത്തികൾ സമയബന്ധിതമായിത്തന്നെ പൂർത്തീകരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കേണ്ടതാണ്.
ആരോഗ്യമേഖലയുമായി ബന്ധപ്പെട്ട് അവശ്യ മരുന്നുകളുടെ ലഭ്യത സമയബന്ധിതമായി ഉറപ്പാക്കുന്നതിന് കൂടുതൽ ശ്രദ്ധ അനിവാര്യമാണ്. പദ്ധതി ആസൂത്രണ നിർവഹണ പ്രവർത്തനങ്ങൾ സമയബന്ധിതമായി ഫലപ്രാപ്തിയിലെത്തിക്കുന്നതിന് കൂടുതൽ ജാഗ്രത പുലർത്തേണ്ടതാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 26-09-2013-11-10-2013 | 2008-09 മുതൽ 2012-13 വരെ | 19-11-2013 |
| പെർഫോർമൻസ് ഓഡിറ്റ് | ഇല്ല | ഇല്ല | ഇല്ല |

## 1-11 തനതുവരുമാന വർദ്ധനവ്- സേവന ഉപനികുതി ഈടാക്കാവുന്നതാണ്

എല്ലാ കെട്ടിട ഉടമകളും പഞ്ചായത്ത് നൽകുന്ന എല്ലാ സേവനങ്ങളും ഉപയോഗിക്കുന്നുണ്ടെങ്കിലും നിലവിൽ ഗ്രാമപ്പഞ്ചായത്തിൽ സേവന ഉപനികുതി പിരിക്കുന്നില്ല. 2011 ലെ കേരള പഞ്ചായത്ത് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 26 പ്രകാരം ഒരു ഗ്രാമപ്പഞ്ചായത്ത് പ്രദേശത്ത് സ്ഥിതി ചെയ്യുന്ന ഏതൊരു കെട്ടിടത്തിന്റെയും പ്രസ്തുത കെട്ടിടം സ്ഥിതി ചെയ്യുന്ന ഭൂമിയിലോ, സമീപ പ്രദേശത്തോ ശുചിത്വ പരിപാലനം, ജലവിതരണം, തെരുവുവിളക്ക് പരിപാലനം, ഡ്രയിനേജ് എന്നിവ ഏർപ്പെടുത്തുന്നതിലേക്ക് ചട്ടം 27 പ്രകാരമുള്ള നിരക്കിൽ കുറയാതെ സേവന ഉപനികുതി ചുമത്താവുന്നതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. മേൽ സേവനങ്ങൾക്കായി ഗ്രാമപ്പഞ്ചായത്തിൽ നിന്നും തുക ചെലവഴിക്കുന്നതിനാൽ കെ.പി.ആർ. ആക്ട് 207(1) പ്രകാരം ഒഴിവാക്കിയ കെട്ടിടങ്ങൾ ഒഴികെ എല്ലാ കെട്ടിടങ്ങളിൽ നിന്നും നികുതി ഈടാക്കാവുന്നതാണ്. എന്നാൽ സേവന ഉപനികുതി ഈടാക്കുന്നതിലൂടെ വരുമാന വർദ്ധനവിന്റെ സാധ്യത ഗ്രാമപ്പഞ്ചായത്ത് പരിശോധിക്കുന്നില്ല. കൂടാതെ വരുമാന വർദ്ധനവിലുപരിയായി പൊതുജനങ്ങൾക്ക് മെച്ചപ്പെട്ട സേവനം ഉറപ്പാക്കുന്നതിന് സേവന ഉപനികുതി ചുമത്തുന്നതിലൂടെ സാധിക്കുന്നതാണ് ആയതിനാൽ സേവന ഉപനികുതി ഈടാക്കുന്നതിനു വേണ്ട നടപടികൾ ഭരണ സമിതി അംഗീകാരത്തോടെ സ്വീകരിക്കാവുന്നതാണ്.

## 1-12 കംപ്ലീഷൻ പ്ലാൻ പ്രകാരമുള്ള തറവിസ്തീർണ്ണത്തിനനുസൃതമായി വസ്തുനികുതി നിർണയിച്ചില്ല

കെട്ടിടത്തിലെ വ്യത്യസ്ത ഭാഗങ്ങൾ തക്കതായ കാരണങ്ങളാൽ വെവ്വേറെ നമ്പർ നൽകി ഓരോ ഭാഗത്തിനും പ്രത്യേക വസ്തുനികുതി കണക്കാക്കാമെന്നിരിക്കെ, വസ്തുനികുതി നിർണയിച്ച ഫയൽ പരിശോധിച്ചതിൽ അത്തരത്തിൽ കെട്ടിടനികുതി നിർണ്ണയിച്ചപ്പോൾ കംപ്ലീഷൻ പ്ലാൻ പ്രകാരമുള്ള കെട്ടിടത്തിന്റെ തറവിസ്തീർണ്ണം, കെട്ടിടത്തിന്റെ, പൊതു ഉപയോഗത്തിനായി നീക്കിവെച്ചിട്ടുള്ള ഭാഗങ്ങളുടെ തറവിസ്തീർണ്ണം എന്നിവ കൂടി കണക്കാക്കി വസ്തുനികുതി നിർണയിക്കുന്നില്ല എന്ന് കാണാനായി. വിശദ വിവരം ചുവടെ ചേർക്കുന്നു.

റവറന്റ് ഫാ. വികാർ, ക്രസ്തുരാജ് ചർച്ച് എന്ന വ്യക്തിയുടെ അപേക്ഷ പ്രകാരം വാണിജ്യാവശ്യത്തിനുള്ള കെട്ടിടത്തിന് 13/1328 മുതൽ 13/1337 വരെ 10 കെട്ടിട നമ്പറുകൾ അനുവദിച്ച് വാണിജ്യാടിസ്ഥാനത്തിലുള്ള 200 ച. മീറ്റർ മുകളിൽ തറ വിസ്തീർണ്ണം ഉള്ള സൂപ്പർ മാർക്കറ്റ്, ഷോപ്പിംഗ് മാളുകൾ എന്ന ഗണത്തിൽ ഉൾപ്പെടുത്തി അടിസ്ഥാന വസ്തുനികുതി നിരക്ക് 80/- രൂപയായി നിജപ്പെടുത്തി വസ്തുനികുതി നിർണയിച്ചിട്ടുണ്ട്. (പെർമിറ്റ് നം. E4/7930/2016/ 15.12.2022). അസി. എഞ്ചിനിയർ സാക്ഷ്യപ്പെടുത്തിയ കംപ്ലീഷൻ പ്ലാനിൽ 529M$^2$ (SF 486M$^2$ + 43M$^2$ Stair Cabbin) നിർമ്മിച്ച കെട്ടിടഭാഗത്തിനാണ് 10 നമ്പറുകൾ അനുവദിക്കുന്നതിന് അപേക്ഷ നൽകിയത്. മേൽ കെട്ടിടത്തിന്റെ കംപ്ലീഷൻ പ്ലാൻ പ്രകാരമുള്ള 529M$^2$ ൽ (SF 486M$^2$ + 43M$^2$ Stair Cabbin) Stair Right & Left ന്റെ തറ വിസ്തീർണ്ണമായ 38M$^2$- ഒഴിവാക്കി 491M$^2$-ന് (529M$^2$ - 38M$^2$) നികുതി നിർണ്ണയിക്കേണ്ടതാണ്. എന്നാൽ 13/1328 മുതൽ 13/1337 വരെ 10 നമ്പറുകൾ അനുവദിച്ച് വസ്തുനികുതി നിർണയിച്ചപ്പോൾ ആകെ 350.11M$^2$ ന് മാത്രമേ വസ്തുനികുതി നിർണ്ണയിച്ചിട്ടുള്ളൂ.

വിശദാംശം ചുവടെ ചേർക്കുന്നു.

| കെട്ടിട നമ്പർ | വസ്തു നികുതിക്ക് പരിഗണിച്ച തറ വിസ്തീർണ്ണം (M$^2$) |
|---|---|
| 13/1328 | 28.35 |
| 13/1329 | 28.35 |
| 13/1330 | 84.46 |
| 13/1331 | 44.08 |
| 13/1332 | 26.97 |
| 13/1333 | 27.58 |
| 13/1334 | 27.58 |
| 13/1335 | 27.58 |
| 13/1336 | 27.58 |
| 13/1337 | 27.58 |
| ആകെ | 350.11 |

നികുതി നിർണ്ണയത്തിൽ ഒഴിവാക്കപ്പെട്ട തറ വിസ്തീർണം - 140.9 M$^2$ ന്റെ (491 M$^2$ - 350.11 M$^2$) വസ്തു നികുതി നിർണയത്തിൽ വന്ന കുറവ് ചുവടെ ചേർക്കുന്നു.

അടിസ്ഥാന വസ്തു നികുതി = 140.9x80 = 11,272/-രൂപ.

വർദ്ധനവ് 20% = 2,254/-രൂപ.

ആകെ = 13,526/-രൂപ.

രണ്ടാം നില കുറവ് = 1,353/-രൂപ.

ആകെ 12,173/-രൂപ.

മേൽ അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട നൽകിയ ഓഡിറ്റ് എൻക്വയറിക്ക് 13/1337 നമ്പർ കടമുറിയ്ക്ക് 142.2 M$^2$ തറ വിസ്തീർണ്ണം ഉണ്ടെന്നും എന്നാൽ 27.58M$^2$ ന് മാത്രമേ വസ്തുനികുതി നിർണ്ണയിച്ചിരുന്നുള്ളുവെന്നും മറുപടി ലഭ്യമാക്കി. 13/1337 കടമുറിയുടെ കുറവു വന്ന തറ വിസ്തീർണ്ണമായ 114.62M$^2$ ന് (142.2M$^2$ – 27.58M$^2$) നികുതി പുനർനിർണ്ണയിച്ച് 2022 Second Half നികുതി തുക പിഴ സഹിതം ഈടാക്കി ഒടുക്കവരുത്തി രേഖകൾ ഹാജരാക്കി.

എന്നാൽ നികുതി പുനർനിർണ്ണയിച്ചപ്പോൾ നികുതി നിർണ്ണയത്തിൽ നിന്നും ഒഴിവാക്കപ്പെട്ട 140.9എം സ്ക്വയറിൽ 114.62 എം സ്ക്വയറിന് മാത്രമേ നികുതി പുനർ നിർണ്ണയിച്ചിട്ടുള്ളൂ. 26.28 എം സ്ക്വയർ (140.9 - 114.62 ) വീണ്ടും ഒഴിവാക്കപ്പെട്ടു. 26.28 എം സ്ക്വയർ, കെട്ടിടത്തിന്റെ പൊതു ഉപയോഗത്തിനായി നീക്കിവെച്ചിട്ടുള്ള തറവിസ്തീർണ്ണമാണ്. ആയതിനാൽ 26.28 എം സ്ക്വയർ തറവിസ്തീർണ്ണത്തിന്റെ നികുതി കൂടി നിർണ്ണയിക്കേണ്ടതാണ്.

2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപ നികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 2 (എഫ്) പ്രകാരം നികുതി നിർണ്ണയിക്കുന്ന ആവശ്യത്തിലേക്കായി 'തറവിസ്തീർണ്ണം എന്നാൽ ഒരു ഏക നില കെട്ടിടത്തിന്റെ കാര്യത്തിൽ അതിന്റെ മേൽക്കൂരയുള്ള ഭാഗത്തിന്റെ തറ നിരപ്പിന്റെ (ചുമർ കനം ഉൾപ്പെടെ) വിസ്തീർണ്ണം എന്നും, സെല്ലാർ നിലയുള്ളതോ ഇല്ലാത്തതോ ആയ ഒരു ബഹുനില കെട്ടിടത്തിന്റെ കാര്യത്തിൽ അതിന്റെ ഓരോ നിലയിലുമുള്ള അത്തരം തറ നിരപ്പിന്റെ (ചുമർ കനം ഉൾപ്പെടെ എന്നാൽ തുറസ്സായ ടെറസ്സ് ഭാഗം ഒഴികെ) ആകെ വിസ്തീർണ്ണം എന്നും അർത്ഥമാകുന്നു'. കെട്ടിടത്തിലെ വ്യത്യസ്ത ഭാഗങ്ങൾ തക്കതായ കാരണങ്ങളാൽ വേറെ വേറെ നമ്പർ നൽകുന്നുവെങ്കിൽ ഓരോ ഭാഗത്തിനും പ്രത്യേക വസ്തുനികുതി കണക്കാക്കണം. കൂടാതെ ചട്ടം 3(4) പ്രകാരം കെട്ടിടത്തിന്റെ ഏതെങ്കിലും ഭാഗം പൊതു ഉപയോഗത്തിനായി നീക്കിവെച്ചിട്ടുണ്ടെങ്കിൽ ആ ഭാഗത്തിന്റെ തറവിസ്തീർണ്ണം ആനുപാതികമായി മറ്റു ഭാഗങ്ങളുടെ തറ വിസ്തീർണ്ണത്തോട് കൂട്ടിചേർത്ത് ആ ഭാഗങ്ങളുടെ വസ്തുനികുതി നിർണ്ണയിക്കേണ്ടതുമാണെന്നിരിക്കെ ചട്ടപ്രകാരം കൃത്യമായ വസ്തുനികുതി നിർണ്ണയം നടത്താത്തത് വരുമാനനഷ്ടത്തിന് ഇടയാക്കുന്നുണ്ട്. പല കെട്ടിടങ്ങൾക്ക് ഇത്തരത്തിൽ കെട്ടിടത്തിലെ വ്യത്യസ്ത ഭാഗങ്ങൾ വെവ്വേറെ നമ്പർ നൽകി ഓരോ ഭാഗത്തിനും പ്രത്യേക വസ്തുനികുതി കണക്കാക്കുമ്പോൾ പൊതു ഉപയോഗത്തിന് വിനിയോഗിക്കുന്ന തറ വിസ്തീർണം വസ്തുനികുതി നിർണ്ണയത്തിൽ നിന്നും ഒഴിവാക്കപ്പെടുന്നു. ഇപ്രകാരമുള്ള കെട്ടിടങ്ങൾ കണ്ടെത്തി ആയതിന്റെ വസ്തു നികുതി പുനർനിർണ്ണയിച്ച് മുൻകാല പ്രാബല്യത്തോടെ തുക ഈടാക്കേണ്ടതും ഭാവിയിൽ ഇത്തരം അപാകതകൾ ഉണ്ടാകാതിരിക്കാൻ ശ്രദ്ധ ചെലുത്തേണ്ടതുമാണ്.

ഓഡിറ്റ് എൻക്വയറി നം. 08/08-11-2023.

1-13 വാടക കുടിശ്ശിക പൂർണ്ണമായും ഈടാക്കിയില്ല.

1) ആയൂർ പബ്ലിക് മാർക്കറ്റിൽ ഉള്ള (പുതിയ കെട്ടിടം) റൂം നമ്പർ മൂന്ന് 2021-22 ൽ ലേലം കൊണ്ട ശ്രീ. മുഹമ്മദ് നിസാം, റഹമത്ത് മൻസിൽ വാടക ഇനത്തിൽ (മാസ വാടക 5,500/-രൂപ) 2021 ജൂൺ മാസം മുതൽ 2022 മാർച്ച് വരെ കുടിശ്ശിക വരുത്തി. കുടിശ്ശിക തുക അടവാക്കാൻ 07-10-22 ൽ നോട്ടീസ് നൽകിയെങ്കിലും തുക അടവാക്കുകയോ മുറി പൂട്ടി താക്കോൽ പഞ്ചായത്തിൽ ഏൽപ്പിക്കുകയോ ചെയ്തില്ല. മേൽപ്പറഞ്ഞ കടമുറി ഒഴിപ്പിക്കുന്നതിന് തുടർനടപടികൾ സ്വീകരിക്കണമെന്ന് ധനകാര്യ സ്റ്റാൻഡിങ് കമ്മിറ്റി പഞ്ചായത്ത് ഭരണസമിതിയോട് ശുപാർശ ചെയ്തു (08-12-22ലെ 1(5) നമ്പർ തീരുമാനം). ഇതേതുടർന്ന് 28-12-22 ന് വാടക കുടിശ്ശിക അടവാക്കാനും കടമുറി പൂട്ടി പഞ്ചായത്തിൽ താക്കോൽ തിരിച്ചേൽപ്പിക്കാനും നോട്ടീസ് നൽകിയെങ്കിലും വാടക കുടിശ്ശിക ഒടുക്കുകയോ താക്കോൽ പഞ്ചായത്ത് ഓഫീസിൽ ഏൽപ്പിക്കുകയോ ചെയ്തില്ല. അതേത്തുടർന്ന് റൂം നമ്പർ മൂന്ന് 2023 ഫെബ്രുവരി 07 ന് പകൽ രണ്ടു മണിക്ക് പോലീസ് സാന്നിധ്യത്തിൽ പൂട്ടി സീൽ വെച്ചിട്ടുള്ളതാണ്. 2021 ജൂൺ മുതൽ 2022 മാർച്ച് മാസം വരെ വാടക കുടിശിക വരുത്തുകയും 2022 ഏപ്രിൽ മുതൽ 2023 ഫെബ്രുവരി വരെ റൂം വാടക ഒടുക്കാതെ അനധികൃതമായി കൈവശം വയ്ക്കുകയും ചെയ്തു. ഈ വിഷയം സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 11/10.11.23) മറുപടി ലഭ്യമാക്കിയില്ല. മേൽപ്പറഞ്ഞ കാലയളവിലെ വാടക (ജി.എസ്.ടി.യും പിഴപ്പലിശയും ഉൾപ്പെടെ) കണക്കാക്കി ശ്രീ. മുഹമ്മദ് നിസാമിൽ നിന്നും ഈടാക്കി ഒടുക്കുവരുത്തേണ്ടതാണ്.

2) ആയൂർ പബ്ലിക് മാർക്കറ്റിലുള്ള (പുതിയ കെട്ടിടം) റൂം നമ്പർ ഒന്ന് ലേലം കൊണ്ട പ്രസിഡന്റ്/ സെക്രട്ടറി തേജസ് മൈക്രോ യൂണിറ്റ്, ആയൂർ വാടകയിനത്തിൽ 2020 ഡിസംബർ മാസം മുതൽ 2022

മാർച്ച് വരെ കുടിശിക വരുത്തി (2020-21 ലെ വാടക 2,432/- രൂപ, 2021-22 ലെ വാടക 2,554/- രൂപ). വാടക കുടിശ്ശിക അടവാക്കാൻ 07-10-2022 ൽ നോട്ടീസ് നൽകിയെങ്കിലും അടവാക്കുകയോ മുറി പൂട്ടി താക്കോൽ പഞ്ചായത്തിനെ ഏൽപ്പിക്കുകയോ ചെയ്തില്ല. മേൽപ്പറഞ്ഞ കടമുറി പൂട്ടുന്നതിന് കമ്മിറ്റി തീരുമാനമെടുക്കുകയും (08-12-2022ലെ 1(5) നമ്പർ തീരുമാനം) 25-12-2022 ൽ വാടക കുടിശ്ശിക അടവാക്കാനും കടമുറി പൂട്ടി പഞ്ചായത്തിൽ ഏൽപ്പിക്കുവാനും നോട്ടീസ് നൽകുകയും ചെയ്തെങ്കിലും ആയത് പാലിച്ചില്ല. തുടർന്ന് റൂം നമ്പർ ഒന്ന് പോലീസ് സാന്നിധ്യത്തിൽ 2023 ഫെബ്രുവരി 07 ന് പകൽ രണ്ടു മണിക്ക് പൂട്ടി സീൽ വെച്ചിട്ടുള്ളതാണ്. ഡിസംബർ 2020 മുതൽ മാർച്ച് 2022 വരെ വാടക കുടിശ്ശിക വരുത്തുകയും ഏപ്രിൽ 2022 മുതൽ ഫെബ്രുവരി 2023 വരെ വാടക ഒടുക്കാതെ അനധികൃതമായി കൈവശം വയ്ക്കുകയും ചെയ്തു. ഈ വിഷയം സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 11/10.11.23) മറുപടി ലഭ്യമാക്കിയില്ല. മേൽപ്പറഞ്ഞ കാലയളവിലെ വാടക (ജി.എസ്.ടി.യും പിഴപ്പലിശയും ഉൾപ്പെടെ) കണക്കാക്കി പ്രസിഡന്റ്/സെക്രട്ടറി (തേജസ് മൈക്രോ യൂണിറ്റ് ) യിൽ നിന്നും ഈടാക്കി ഒടുക്കുവരുത്തേണ്ടതാണ്.

1-14 വിനിയോഗ വിവരങ്ങൾ ലഭ്യമാക്കിയില്ല

ഹെഡ്മാസ്റ്റർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പ്രോജക്ട് നം. 15/23, പ്രോജക്ട് നം. 16/23 എന്നിവ പ്രകാരം യഥാക്രമം വികസനഫണ്ട് - പൊതുവിഭാഗത്തിൽ നിന്നും 12,00,000/-രൂപയും (ബിൽ നം. 2/22-23/05-11-2022), വികസനഫണ്ട്- എസ്.സി.പി. വിഭാഗത്തിൽ നിന്നും 3,00,000/-രൂപയും (ബിൽ നം. 1/22-23/05-11-2022) ഉൾപ്പെടെ ആകെ 15,00,000/-രൂപ സർവ്വ ശിക്ഷാ കേരളത്തിന്റെ പ്രവർത്തനങ്ങൾക്കായി നൽകിയിട്ടുണ്ട്. എന്നാൽ ടി തുകയുടെ വിനിയോഗ വിവരം പരിശോധനയ്ക്ക് ഹാജരാക്കിയില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. വിനിയോഗ വിവരങ്ങൾ ലഭ്യമാക്കാത്തതിനാൽ മേൽ പദ്ധതിയ്ക്കായി ചെലവഴിച്ച 15,00,000/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. ചെലവ് രേഖകൾ സഹിതം മറുപടി ലഭ്യമാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം. – 5/ 07-11-23.
തടസ്സപ്പെടുത്തിയ തുക – 15,00,000/-രൂപ.

1-15 അർഹത തെളിയിക്കുന്ന രേഖയില്ലാതെ ലാപ്ടോപ്പ് നൽകി

പ്രോജക്ട് നം. – 102/23, പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ്.
ഫണ്ട് – വികസനഫണ്ട് (എസ്.സി.പി.).
ഫണ്ട് അടങ്കൽ – 9,00,000/- രൂപ.
ചെലവ്- 6,57,792/-രൂപ (ബിൽ നം. -9/22-23/31-03-2023).
നിർവ്വഹണം – ഹെഡ്മാസ്റ്റർ.

പതിനാലാം പഞ്ചവത്സര പദ്ധതി സബ്സിഡി മാർഗ്ഗരേഖ (സ.ഉ.(എം.എസ്.)നം. 115/2022 /എൽ.എസ്.ജി.ഡി.- 28-05-2022 ഖണ്ഡിക 7.2.7) പ്രകാരം ഒരു വിദ്യാർത്ഥിക്ക് ഒരു തവണ മാത്രമേ ലാപ്ടോപ്പ് നൽകാവൂയെന്നും ലാപ്ടോപ്പ് പട്ടിക ജാതി/പട്ടിക വർഗ്ഗ വികസന വകുപ്പിൽ നിന്നും നൽകിയിട്ടില്ലെന്ന് ഉത്തരവാദിത്തപ്പെട്ട ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തണമെന്നും നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ ഹെഡ്മാസ്റ്റർ നിർവ്വഹണം നടത്തിയ “പ്രോജക്ട് നം. -102/23 – പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ്” എന്ന പദ്ധതി പ്രകാരം 18 ലാപ്ടോപ്പ് കെൽട്രോണിൽ നിന്നും വാങ്ങി വിദ്യാർത്ഥികൾക്ക് വിതരണം നടത്തിയിരിക്കുന്നത് മേൽ സൂചിപ്പിച്ച സാക്ഷ്യപത്രം വാങ്ങാതെയാണ്. ആനുകൂല്യം കൈപ്പറ്റിയ ഗുണഭോക്താക്കളുടെ അപേക്ഷയോടൊപ്പം അവരുടെ ജാതി തെളിയിക്കുന്ന സാക്ഷ്യപത്രം മാത്രമാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. ആനുകൂല്യം കൈപ്പറ്റിയ ഗുണഭോക്താക്കൾക്ക് മുൻപ് ഇതേ ആനുകൂല്യം ലഭിച്ചിട്ടില്ലെന്ന് തെളിയിക്കുന്ന രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ

ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കാത്ത സാഹചര്യത്തിൽ മേൽ പദ്ധതിക്കായി വിനിയോഗിച്ച 6,57,792/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.
ഓഡിറ്റ് എൻക്വയറി നം -5/07-11-2023.
തടസ്സപ്പെടുത്തിയ തുക – 6,57,792/-രൂപ.

1-16 വിനിയോഗിക്കാത്ത തുക തിരിച്ചടച്ചില്ല

സെക്രട്ടറി നിർവ്വഹണം നടത്തിയ പ്രോജക്ട് നം. 64/23, പഞ്ചായത്ത് ഓഫീസിൽ കുഴൽ കിണർ നിർമ്മാണം എന്ന പ്രവൃത്തിക്കായി വികസനഫണ്ടിൽ നിന്നും 2,34,600/-രൂപ, ബിൽ നം. 6/22-23/ 24-06-2022 പ്രകാരം പിൻവലിച്ച് ഭൂഗർഭ വകുപ്പിൽ നിക്ഷേപിച്ചിരുന്നു. ഈ തുകയുടെ വിനിയോഗ വിവരം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (7/08-11-23) ലഭ്യമാക്കിയ മറുപടിയോടൊപ്പം ഹാജരാക്കിയ വിനിയോഗ വിവരങ്ങൾ പ്രകാരം (GKT/461/22/07-11-2023) ആകെ ഒടുക്കിയ 2,34,600/-രൂപയിൽ 1,77,832/-രൂപ വിനിയോഗിച്ചിട്ടുള്ളതായി സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. 56,768/-രൂപ വിനിയോഗബാക്കിയുണ്ട്.

സർക്കാർ ഉത്തരവ് (കൈ) നം. 38/23/ധന/09-03-2023 പ്രകാരം അംഗീകൃത ഏജൻസികൾ നടത്തുന്ന ഡെപ്പോസിറ്റ് വർക്കിനായി പ്രാദേശിക സർക്കാരുകൾ നിക്ഷേപിച്ചിട്ടുള്ള തുകയിൽ ചെലവഴിക്കാത്ത തുക അതാത് വർഷം തന്നെ സംസ്ഥാന സഞ്ചിത നിധിയിൽ തിരിച്ചടയ്ക്കണമെന്ന് നിർദ്ദേശിച്ചിട്ടുള്ളതാണ്. ആയതിനാൽ വിനിയോഗിക്കാതെ അവശേഷിച്ചിരിക്കുന്ന 56,768/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. തുക സർക്കാരിലേയ്ക്ക് തിരിച്ചടച്ചതിന്റെ രേഖകൾ സഹിതം മറുപടി ലഭ്യമാക്കേണ്ടതാണ്.
ഓഡിറ്റ് എൻക്വയറി നം. -7/08-11-2023.
തടസ്സപ്പെടുത്തിയ തുക – 56,768/-രൂപ.

1-17 പ്രവൃത്തി പൂർത്തീകരിച്ചില്ല

ലൈഫ് ഭവന നിർമ്മാണ പദ്ധതിയിലുൾപ്പെട്ട ചുവടെ സൂചിപ്പിക്കുന്ന ഗുണഭോക്താക്കൾ ആദ്യ ഗഡുക്കൾ കൈപ്പറ്റിയെങ്കിലും ഭവന നിർമ്മാണം നടത്തി തുടർ ഗഡുക്കൾ കൈപ്പറ്റിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോ.നം. | ഗുണഭോക്താവിന്റെ പേര് | കൈപ്പറ്റിയ തുക (₹) | വർഷം |
|---|---|---|---|
| 69/23 | ശ്രീ. ഗോപാലൻ, പ്ലാവിള പുത്തൻവീട്, മതുരപ്പ | 40,000/-<br>1,60,000/- | 2021-22<br>2022-23 |
| | ശ്രീമതി. സൗമ്യ, ഇലഞ്ഞിയറ വീട്, തടിക്കാട് | 40,000/- | 2021-22 |
| 70/23 | ശ്രീമതി. അശ്വതി യു.പി., മൊട്ടാലുംവിള വീട്, ചാവരുകുന്ന് | 40,000/-<br>0<br>2,60,000/- | 2021-22<br>2022-23<br>2023-24 |
| | ശ്രീമതി. വസന്ത, രഞ്ജിത്ത് ഭവൻ, ഇടമുളയ്ക്കൽ | 3,00,000/- | 2021-22 |
| | ശ്രീമതി. സുജാത, നെല്ലിമൂട്ടിൽ വീട്, ആയൂർ | 40,000/-<br>1,60,000/-<br>1,00,000/- | 2021-22<br>2022-23<br>2023-24 |
| 73/23 | ശ്രീമതി. വത്സല, ശ്രീമന്ദിരം, പെരുമണ്ണൂർ | 40,000/- | 2021-22 |
| | ശ്രീമതി. രാധാമണി, സുരേഷ് ഭവനം, ചെമ്പകരാമനെല്ലൂർ | 40,000/- | 2021-22 |

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം. - 6/07-11-23 ന് ഗുണഭോക്താക്കളെക്കൊണ്ട് പ്രവൃത്തി പൂർത്തീകരിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് മറുപടി ലഭ്യമാക്കി. ഗൃഹനിർമ്മാണം പൂർത്തിയാക്കാത്തപക്ഷം നൽകിയ തുക തിരികെ ഈടാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം. - 6/07-11-23.

## 1-18 സ്ഥിര നിക്ഷേപം പുതുക്കിയപ്പോൾ അനുവദനീയമായ പലിശ വരവ് വച്ചിട്ടില്ല

അറയ്ക്കൽ സർവ്വീസ് സഹകരണ ബാങ്കിൽ അക്കൗണ്ട് നം. 9498 ൽ 15/05/2015 ൽ നിക്ഷേപിച്ച 5,00,000/-രൂപയ്ക്ക് (സ്ഥിരനിക്ഷേപം) തുടർന്നുള്ള വർഷങ്ങളിൽ യഥാക്രമം 10%, 9.25%, 8.5%, 7.75%, 7.25% എന്ന നിരക്കിലാണ് വാർഷിക പലിശ അനുവദിച്ച് ലഭിച്ചിരിക്കുന്നത്.

25-02-2021 ൽ അക്കൗണ്ടിൽ ഉണ്ടായിരുന്ന 7,67,491/-രൂപയ്ക്ക് പലിശ കണക്കാക്കിയതിൽ അപാകത വന്നിരിക്കുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| നിക്ഷേപിച്ച തീയതി | പുതുക്കി നിക്ഷേപിച്ച തുക (₹) | അനുവദനീയമായ പലിശ നിരക്ക് (%) | ലഭിക്കേണ്ട പലിശ (₹) | ലഭിച്ച പലിശ (₹) | വ്യത്യാസം |
|---|---|---|---|---|---|
| 25-02-2020 | 7,67,491/- | 7.75 | 59,481/- | 59,403/- | 78/- |
| 25-02-2021 | 8,26,894/- | 7.75 | 64,084/- | 59,558/- | 4,526/- |
| 25-02-2022 | 8,86,452/- | 7.25 | 64,268/- | 62,052/- | 2,216/- |
| ആകെ | | | 1,87,833/- | 1,81,013/- | 6,820/- |

പലിശയിൽ കുറവുണ്ടാകാനുള്ള കാരണം പരിശോധിച്ച് തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം. - 10- 10-11-23.

## 1-19 ഭക്ഷ്യോത്പന്നങ്ങളുടെ കടത്തു കൂലി ഇനത്തിൽ 28,316/- രൂപ അനുവദിച്ചതിന്റെ രേഖകൾ ഹാജരാക്കിയില്ല- ചെലവ് തടസ്സപ്പെടുത്തുന്നു

| | |
|---|---|
| പ്രോജക്ട് | 20/2022-23 - അനുപൂരക പോഷകാഹാര പദ്ധതി |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഐ.സി.ഡി.എസ്. സൂപ്പർവൈസർ |
| വകയിരുത്തിയ ഫണ്ട് /തുക | വികസന ഫണ്ട് -(ജനറൽ) - 21,57,800/-രൂപ<br>ധനകാര്യ കമ്മീഷൻ അവാർഡ് - 5,97,950/-രൂപ<br>കേന്ദ്രാവിഷ്കൃത ഫണ്ട്- 22,00,000/-രൂപ<br>ബ്ലോക്ക് പഞ്ചായത്ത് - 4,00,000/-രൂപ<br>ജില്ലാ പഞ്ചായത്ത് - 4,00,000/-രൂപ<br>ആകെ - 57,55,750/-രൂപ |
| ചെലവഴിച്ച തുക | വികസന ഫണ്ട് -(ജനറൽ) - 21,57,800/-രൂപ<br>ധനകാര്യ കമ്മീഷൻ അവാർഡ് - 5,97,950/-രൂപ<br>കേന്ദ്രാവിഷ്കൃത ഫണ്ട്- 22,00,000/-രൂപ<br>ബ്ലോക്ക് പഞ്ചായത്ത് - 4,00,000/-രൂപ<br>ജില്ലാ പഞ്ചായത്ത് - 1,73,628/-രൂപ<br>ആകെ - 52,79,378/-രൂപ |

ഐ.സി.ഡി.എസ്. സൂപ്പർവൈസർ നിർവഹണം നടത്തിയ അനുപൂരക പോഷകാഹാരം (ജനറൽ)

പദ്ധതിയുടെ ഭാഗമായി അമൃതം ന്യൂട്രിമിക്സ്, സപ്ലൈകോ എന്നീ സ്ഥാപനങ്ങളിൽ നിന്നും ഭക്ഷ്യോത്പന്നങ്ങൾ അംഗനവാടികളിൽ എത്തിക്കുന്നതിന് കിലോഗ്രാമിന് യഥാക്രമം 1.62 രൂപ, 1.63 രൂപ നിരക്കിൽ ശ്രീ. ഖായിസ് ഖാൻ എന്ന വ്യക്തിക്ക് കടത്ത് കൂലി അനുവദിച്ചിട്ടുണ്ട്. ആയതിൽ 28,316/- രൂപ കടത്തു കൂലി അനുവദിച്ചതിന് ആധാരമായ ഭക്ഷ്യ ഉൽപ്പന്നങ്ങൾ സപ്ലൈ ചെയ്തതിന്റെ ഇൻവോയ്സും സ്റ്റോക്ക് വിവരവും ഹാജരാക്കിയില്ല. വിശദ വിവരം ചുവടെ ചേർക്കുന്നു.

| ബിൽ നമ്പർ/ തീയതി | തുക (₹) | അപാകത |
|---|---|---|
| 1/30-05-2022 | 2,445/- | ട്രഷറി ബിൽ നമ്പർ 1/30-05-2022 പ്രകാരം കടത്ത് കൂലി ഇനത്തിൽ ശ്രീ. ഖായിസ് ഖാന് 20,705/- രൂപ അനുവദിച്ചു. 1500 കിലോ WNP അരി ഇറക്കിയതിന് 2,445/- രൂപ അനുവദിച്ചതിന് ആധാരമായ സപ്ലൈകോയുടെ ഇൻവോയ്സ്, സ്റ്റോക്ക് എന്നിവ ഇല്ല. |
| 10/31-10-2022 | 25,871/- | കടത്ത് കൂലി ഇനത്തിൽ ശ്രീ. ഖായിസ് ഖാന് 25,871- രൂപ അനുവദിച്ചതിന് ആധാരമായ അമൃതം ന്യൂട്രിമിക്സ് / സപ്ലൈകോ എന്നീ സ്ഥാപനങ്ങളിൽ നിന്നുള്ള ഭക്ഷ്യോത്പന്നങ്ങളുടെ ഇൻവോയ്സ്, സ്റ്റോക്ക് എന്നിവ ഇല്ല. |
| ആകെ | 28,316/- | |

മേൽ അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. ഈ സാഹചര്യത്തിൽ 28,316/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. രേഖകൾ സഹിതം മറുപടി ലഭ്യമാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി – 4/07-11-2023.

തടസ്സപ്പെടുത്തുന്ന തുക - 28,316/-രൂപ.

## 1-20 ഹരിതകർമ്മസേന-അവലോകനം

ഗ്രാമപഞ്ചായത്തിലെ 22 വാർഡുകളിൽ 2 പേർ വീതം 44 ഹരിതകർമ്മസേന അംഗങ്ങൾ പ്രവർത്തിക്കുന്നു. മാസംതോറും ഹരിത കർമ്മ സേന വാതിൽപ്പടി സേവനം നടത്തിവരുന്നു. ശേഖരിക്കുന്ന മാലിന്യങ്ങൾ തരംതിരിച്ച് ഗ്രാമപഞ്ചായത്തുമായി കരാറിൽ ഏർപ്പെട്ടിരിക്കുന്ന സ്വകാര്യ ഏജൻസിയായ ഗ്രീൻ വേൾഡ് ഇക്കോ സൊല്യൂഷൻസിന് കൈമാറുന്നുണ്ട്. ഹരിത സഹായം സ്ഥാപനമായ I R T C യുടെ ഏകോപനത്തിലൂടെ നല്ല രീതിയിൽ ചിട്ടയായ പ്രവർത്തനം നടക്കുന്നുണ്ട്. മാലിന്യ മുക്ത നവകേരളം ക്യാമ്പയിന്റെ ഭാഗമായി പഞ്ചായത്തിൽ നടന്നിട്ടുള്ള എല്ലാ ശുചീകരണ പ്രവർത്തനങ്ങളിലും ഹരിത കർമ്മ സേന അംഗങ്ങൾ പങ്കാളികളായിട്ടുണ്ട്. എല്ലാ വാർഡുകളിലും രണ്ടു വീതം മിനി എം സി എഫ് സ്ഥാപിച്ചിട്ടുണ്ട്. എം.സി.എഫുകൾ ഫലപ്രദമായി പ്രവർത്തിക്കുന്നുവെന്ന് വി.ഇ.ഒ. സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. ജൈവ അജൈവ മാലിന്യം വേർതിരിച്ച് ജൈവമാലിന്യം ഉറവിടത്തിൽ സംസ്കരിക്കാനും അജൈവ മാലിന്യം ഹരിത കർമ്മ സേനയ്ക്ക് നൽകാനും നിർദ്ദേശിച്ചുകൊണ്ടുള്ള ബോധവത്കരണം IRTC യുടെ നേതൃത്വത്തിൽ നടത്തുന്നതോടൊപ്പം വാർഡ് മെമ്പർമാരുടെ സഹകരണത്തോടെ സ്പെഷ്യൽ ഡ്രൈവുകളും നടത്തുന്നു. എം സി എഫ് ഉണ്ടെങ്കിലും വിസ്തൃതി ഇല്ലാത്തതും അനുബന്ധ സൗകര്യങ്ങൾ ഇല്ലാത്തതും ഹരിത കർമ്മ സേനയുടെ പ്രവർത്തനത്തെ സാരമായി ബാധിക്കുന്നു. ഹരിത കർമ്മ സേനയ്ക്ക് വാഹനം ലഭ്യമാക്കിയിട്ടുണ്ട്.

അസിസ്റ്റന്റ് സെക്രട്ടറി നോഡൽ ഓഫീസർ ആയും വി.ഇ.ഒ. ചാർജ്ജ് ഓഫീസർ ആയും പ്രവർത്തിക്കുന്നു. ശുചിത്വ മിഷൻ നിരോധിത പ്ലാസ്റ്റിക്ക് ഉത്പന്നങ്ങളുടെ ഉപയോഗവും പൊതുനിരത്തുകളിൽ മാലിന്യങ്ങൾ തള്ളുന്നതും തടയാൻ പഞ്ചായത്ത് തല ടീം പരിശോധനകൾ നടത്തുകയും ബോർഡുകൾ

സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്.

മാലിന്യസംസ്കരണത്തിന്റെ അനിവാര്യത സംബന്ധിച്ച് പ്രദേശവാസികൾക്ക് ആവശ്യമായ ബോധവൽക്കരണം നൽകിയും, അശാസ്ത്രീയമായ രീതിയിൽ മാലിന്യസംസ്കരണം നടത്തുന്നവർക്കെതിരെ നടപടി സ്വീകരിച്ചും പദ്ധതിയുടെ ലക്ഷ്യങ്ങൾ നേടിയെടുക്കുന്നതിന് തുടർനടപടി സ്വീകരിക്കേണ്ടതാണ്.

2022-23 കാലയളവിലെ ഹരിതകർമ്മസേനയുടെ വരവിന്റെ വിശദാംശം ചുവടെചേർക്കുന്നു.

| മാസം | യൂസർ ഫീ കളക്ഷൻ | നൽകിയ വേതനം |
|---|---|---|
| 2022 ഏപ്രിൽ | 2,12,115/- | 1,90,904/- |
| 2022 മെയ് | 2,19,178/- | 1,97,261/- |
| 2022 ജൂൺ | 61,626/- | 1,05,431/- |
| 2022 ജൂലൈ | 3,46,921/- | 3,74,732/- |
| 2022 ആഗസ്റ്റ് | 2,83,280/- | 3,14,737/- |
| 2022 സെപ്റ്റംബർ | 2,95,489/- | 2,96,579/- |
| 2022 ഒക്ടോബർ | 2,73,305/- | 3,30,671/- |
| 2022 നവംബർ | 2,98,230/- | 3,03,966/- |
| 2022 ഡിസംബർ | 1,12,167/- | 1,12,180/- |
| 2023 ജനുവരി | 3,40,986/- | 3,91,139/- |
| 2023 ഫെബ്രുവരി | 3,43,227/- | 3,77,970/- |
| 2023 മാർച്ച് | 3,21,630/- | 3,60,026/- |

## 1-21 വസ്തുനികുതി പരിഷ്കരണം -2023-24

സ.ഉ(കൈ)നം. 77/2023/തസ്വഭവ തീയതി 22.03.2023ലെ സർക്കാർ ഉത്തരവ് പ്രകാരം ഗ്രാമപഞ്ചായത്തുകളിലും നഗരസഭകളിലും 01.04.2023 പ്രാബല്യത്തിൽ വസ്തുനികുതി പുതുക്കി നിശ്ചയിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. മേൽ ഉത്തരവ് പ്രകാരം 2022-23 വരെ വസ്തുനികുതി നിർണ്ണയിച്ചിട്ടുള്ള എല്ലാ കെട്ടിടങ്ങളുടെയും വാർഷിക വസ്തുനികുതിയോടൊപ്പം 2023-24 മുതൽ ഓരോ വർഷവും, തൊട്ടു മുൻ വർഷത്തിൽ പ്രാബല്യത്തിലുള്ള നികുതിയുടെ അഞ്ച് ശതമാനം വീതം വർദ്ധനവ് വരുത്തി ഗ്രാമപഞ്ചായത്തുകളും നഗരസഭകളും അടുത്ത അഞ്ചു വർഷത്തേക്കുള്ള വസ്തുനികുതി പുതുക്കി നിശ്ചയിക്കേണ്ടതാണ്. ആയത് പ്രകാരം 2022-23 വരെ നികുതി നിർണ്ണയിച്ചിട്ടുള്ള എല്ലാ കെട്ടിടങ്ങളുടെയും വസ്തുനികുതി 01.04.2023 മുതൽ പ്രാബല്യത്തിൽ 5% വർദ്ധിപ്പിച്ചിട്ടുണ്ട്.

2023-24 മുതൽ പുതുതായി വസ്തുനികുതി നിർണ്ണയിക്കുന്ന കെട്ടിടങ്ങളുടെ നികുതി നിർണ്ണയത്തിന്

ബാധകമാക്കേണ്ട നിരക്കുകളും മേഖലകളുടെ തരംതിരിക്കലും വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിലുള്ള തരംതിരിക്കലുകളും വ്യവസ്ഥകൾ പ്രകാരം ഗ്രാമപഞ്ചായത്ത് നികുതി പുതുക്കി നിശ്ചയിക്കേണ്ടതായുണ്ട്. ഇതിലേക്കായി 05.04.2023-ലെ സ.ഉ.(അച്ചടി) നം.25/2023/തസ്വഭവ (എസ്.ആർ.ഒ. നം.479/2023 തീയതി: 10.04.2023) പ്രകാരം അടിസ്ഥാന വസ്തുനികുതി നിരക്കുകളുടെ കുറഞ്ഞതും കൂടിയതുമായ പരിധികൾ നിശ്ചയിച്ചുകൊണ്ട് സർക്കാർ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ 06/5/2023 ലെ 5 (1) നമ്പർ തീരുമാനപ്രകാരം നിരക്കുകളുടെ കരട് അംഗീകരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. 12/07/2023 ലെ ഭരണസമിതി യോഗത്തിന്റെ 9 (1) നമ്പർ തീരുമാനപ്രകാരം പുതിയ നിരക്കുകളുടെ അന്തിമ വിജ്ഞാപനം നടത്തി പ്രസിദ്ധീകരിക്കുകയും സഞ്ചയയിൽ രേഖപ്പെടുത്തലുകൾ വരുത്തി നികുതി നിരക്ക് വർദ്ധിപ്പിക്കുകയും ചെയ്തിട്ടുണ്ടെന്ന് സെക്രട്ടറി അറിയിച്ചിട്ടുണ്ട്.

1-22 പൂർത്തീകരണ കാലാവധി ദീർഘിച്ചതിന് പിഴ ഈടാക്കിയില്ല-1,00,295/- രൂപ

കരാർ പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തിയാക്കാത്ത കേസുകളിൽ KPWD Manual 2012 (G.O.(P) No. 13/2012/PWD തീ- 1.2.2012), സെക്ഷൻ 2116.1 പ്രകാരം, Compensation For Delay/Liquidated Charges (PAC തുകയുടെ 0.1% തുക, വൈകിയ ഓരോ ആഴ്ചയ്ക്കും എന്ന കണക്കിൽ) അന്തിമ ബില്ലിൽ നിന്നും ഈടാക്കി മാത്രമേ കരാറുകാരന് തുക അനുവദിക്കാവൂ. കരാറുകാരന്റേതല്ലാത്ത കാരണത്താൽ പ്രവൃത്തി നിശ്ചിത സമയത്തിനകം പൂർത്തീകരിക്കാൻ കഴിയാതെ വരികയാണെങ്കിൽ ദീർഘീകരണത്തിനുള്ള അപേക്ഷ കരാറുകാരൻ അസി. എഞ്ചിനീയർ മുഖേന കാലാവധി തീരുന്നതിനുമുൻപായി നൽകേണ്ടതാണ്. എന്നാൽ ചുവടെ ചേർക്കുന്ന, പൂർത്തീകരണ കാലാവധി ദീർഘിച്ച പ്രവൃത്തികളിൽ ഇപ്രകാരമുള്ള നടപടി ക്രമങ്ങൾ ഒന്നും പാലിക്കാതെ അന്തിമ ബിൽ അനുവദിച്ചിട്ടുള്ളതായി കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1)

| | |
|---|---|
| പ്രോജക്റ്റ് നമ്പർ | 28/23 (Spill Over Of 435/21, 206/22) |
| പ്രോജക്റ്റിന്റെ പേര് | ആയൂർ കമ്മ്യൂണിറ്റി ഹാൾ നവീകരണം |
| അടങ്കൽ തുക | 15,00,000/-രൂപ (MGNR, തനതുഫണ്ട്) |
| കരാറുകാരൻ | ശ്രീ. രാജേഷ്. എസ് (10,67,857.43 രൂപ) |
| എഗ്രിമെന്റ് നം/തീയതി | 135/AE/LSGD/EDML/20-21/20.10.2020 |
| ബിൽ നം./തീയതി, തുക | ചെക്ക് നം. 3142891 തീ-30-3-2021 – 3,30,575/- രൂപ.<br>ചെക്ക് നം. 408545/31.3.22- 3,54,466/-രൂപ.<br>ബിൽ നം. 2/22-23/18.5.22-3,12,361/-രൂപ.<br>ചെക്ക് നം. 7663230/19.2.23- 1,76,068/-രൂപ. |
| എം. ബുക്ക് നമ്പർ | 159/20-21, 264/21-22 |
| പി.എ.സി. | 10,67,857.43 രൂപ. |

പ്രവൃത്തിയുടെ സൈറ്റ് ഹാൻഡ് ഓവർ ചെയ്തിട്ടുള്ളത് 20.10.2020-ലാണ്. ടി തീയതിയിൽ പ്രവൃത്തി ആരംഭിച്ചതായി കണക്കാക്കാവുന്നതാണ്. പ്രവൃത്തി പൂർത്തീകരണ കാലയളവ് 3 മാസമാണ്. അതായത്, പ്രവൃത്തി 19.1.2021-നകം പൂർത്തീകരിക്കേണ്ടതായിരുന്നു. പ്രവൃത്തി യഥാർത്ഥത്തിൽ പൂർത്തീകരിച്ചത് 20.4.22ൽ മാത്രമാണ്. ഈടാക്കേണ്ടിയിരുന്ന പിഴയുടെ വിവരം ചുവടെ ചേർക്കുന്നു.

വൈകിയ കാലയളവ് - 20.1.21 To 20.4.22 = 456 ദിവസം.

പിഴ = 1067857.43x(0.1/100)x(456/7) = 69,563/-രൂപ.

ഈടാക്കിയ തുക = 10,477/-രൂപ

ഈടാക്കാൻ ബാക്കി = 69563 -10477 = 59,086/- രൂപ.

2)

| | |
|---|---|
| പ്രോജക്ട് നമ്പർ | 38/23 (Spill Over Of 146/22) |
| പ്രോജക്ടിന്റെ പേര് | ചെമ്പകരാമനല്ലൂർ ചിറ നവീകരണം |
| അടങ്കൽ തുക | 20,00,000/-രൂപ.(CFC) |
| കരാറുകാരൻ | ശ്രീ. അഭിഷിക്ത് വിജയ് (15,39,191.20രൂപ) |
| എഗ്രിമെന്റ് നം/തീയതി | 62/AE/LSGD/EDML/21-22/27.1.2022 |
| ബിൽ നം./തീയതി, തുക | ബിൽ നം. XVFC/21-22/P/20, തീ-31.3.22 -8,38,543/- രൂപ.<br>ബിൽ നം. XVFC/22-23/P/15, തീ-29.3.2023- 7,95,943/-രൂപ |
| എം. ബുക്ക് നമ്പർ | 269/21-22 |
| പി.എ.സി. | 15,39,191.20രൂപ. |

പ്രവൃത്തിയുടെ സൈറ്റ് ഹാൻഡ് ഓവർ ചെയ്തിട്ടുള്ളത് 27.1.2022-ലാണ്. ടി തീയതിയിൽ പ്രവൃത്തി ആരംഭിച്ചതായി കണക്കാക്കാവുന്നതാണ്. പ്രവൃത്തി പൂർത്തീകരണ കാലയളവ് 5 മാസമാണ്. അതായത്, പ്രവൃത്തി 26.6.2022-നകം പൂർത്തീകരിക്കേണ്ടതായിരുന്നു. പ്രവൃത്തി യഥാർത്ഥത്തിൽ പൂർത്തീകരിച്ചത് 26.2.23ൽ മാത്രമാണ്. ഈടാക്കേണ്ടിയിരുന്ന പിഴയുടെ വിവരം ചുവടെ ചേർക്കുന്നു.

വൈകിയ കാലയളവ് - 27.6.22to 26.2.23 = 245 ദിവസം.

പിഴ = 1539191.20x(0.1/100)x(245/7)=53872/-രൂപ.

ഈടാക്കിയ തുക=28,465/-രൂപ.

ഈടാക്കാൻ ബാക്കി=53872-28465= 25,407/- രൂപ.

3)

| | |
|---|---|
| പ്രോജക്ട് നമ്പർ | 30/23 (Spill Over Of 453/21, 210/22) |
| പ്രോജക്ടിന്റെ പേര് | മഞ്ഞാറംകുന്ന് കല്ലുവെട്ടാംകുഴി റോഡ് സംരക്ഷണഭിത്തി നിർമ്മാണം |
| അടങ്കൽ തുക | 3,00,000/-രൂപ (തനതുഫണ്ട്) |
| കരാറുകാരൻ | ശ്രീ. അരുൺ സഹദേവൻ (14.61% കുറവ്) |
| എഗ്രിമെന്റ് നം/തീയതി | 5/AE/LSGD/EDML/21-22/3.8.2021 |
| ബിൽ നം./തീയതി, തുക | BRN.21040752014501402535, തീ-21-3-22 -2,34,518/- രൂപ<br>BRN.22040752014501559169, തീ-29.3.23-19,287/-രൂപ |
| എം. ബുക്ക് നമ്പർ | 301/21-22 |
| പി.എ.സി. | 2,28,582/-രൂപ |

പ്രവൃത്തിയുടെ സൈറ്റ് ഹാൻഡ് ഓവർ ചെയ്തിട്ടുള്ളത് 3.8.2021-ലാണ്. ടി തീയതിയിൽ പ്രവൃത്തി ആരംഭിച്ചതായി കണക്കാക്കാവുന്നതാണ്. പ്രവൃത്തി പൂർത്തീകരണ കാലയളവ് 5 മാസമാണ്. അതായത്, പ്രവൃത്തി 2.1.2022-നകം പൂർത്തീകരിക്കേണ്ടതായിരുന്നു. പ്രവൃത്തി യഥാർത്ഥത്തിൽ പൂർത്തീകരിച്ചത് 6.3.23ൽ മാത്രമാണ്. ഈടാക്കേണ്ടിയിരുന്ന പിഴയുടെ വിവരം ചുവടെ ചേർക്കുന്നു.

വൈകിയ കാലയളവ് - 3.1.22 To 6.3.23 =428 ദിവസം.

പിഴ = 228582x(0.1/100)x(428/7)=13,976/-രൂപ.

ഈടാക്കിയ തുക=5,287/-രൂപ.

ഈടാക്കാൻ ബാക്കി=13976-5287= 8,689/- രൂപ.

4)

| | |
|---|---|
| പ്രോജക്ട് നമ്പർ | 51/23 (Spill Over Of 268/22) |
| പ്രോജക്ടിന്റെ പേര് | തടിക്കാട് മാർക്കറ്റിലെ എം.സി.എഫ് നവീകരണം |
| അടങ്കൽ തുക | 32,00,000/-രൂപ (കേന്ദ്രഫണ്ട്) |
| കരാറുകാരൻ | ശ്രീ. മോഹനൻ പി. ആർ. (1,76,168/-രൂപ) |
| എഗ്രിമെന്റ് നം/തീയതി | 80/AE/LSGD/EDML/21-22/7.3.22 |
| ബിൽ നം./തീയതി, തുക | ചെക്ക് നം. 065172, തീ-11.1.2023 -1,65,307/- രൂപ. |
| എം. ബുക്ക് നമ്പർ | 263/21-22 |
| പി.എ.സി. | 1,76,168/-രൂപ. |

പ്രവൃത്തിയുടെ സൈറ്റ് ഹാൻഡ് ഓവർ ചെയ്തിട്ടുള്ളത് 7.3.22-ലാണ്. ടി തീയതിയിൽ പ്രവൃത്തി ആരംഭിച്ചതായി കണക്കാക്കാവുന്നതാണ്. പ്രവൃത്തി പൂർത്തീകരണ കാലയളവ് 2 മാസമാണ്. അതായത്, പ്രവൃത്തി 6.5.2022-നകം പൂർത്തീകരിക്കേണ്ടതായിരുന്നു. പ്രവൃത്തി യഥാർത്ഥത്തിൽ പൂർത്തീകരിച്ചത് 6.9.22ൽ മാത്രമാണ്. ഈടാക്കേണ്ടിയിരുന്ന പിഴയുടെ വിവരം ചുവടെ ചേർക്കുന്നു.

വൈകിയ കാലയളവ് - 7.5.22 To 6.9.22 =123 ദിവസം.

പിഴ = 176168x(0.1/100)x(123/7)=3,096/-രൂപ.

5)

| | |
|---|---|
| പ്രോജക്ട് നമ്പർ | 46/23 (Spill Over Of 262/22) |
| പ്രോജക്ടിന്റെ പേര് | തേവർതോട്ടം ഊറ്റുമൂല റോഡ് അഴുക്കുചാൽ നിർമ്മാണം |
| അടങ്കൽ തുക | 3,50,000/-രൂപ (CFC) |
| കരാറുകാരൻ | ശ്രീ. ഹാരീസ് എസ് (0.01% കുറവ്) |
| എഗ്രിമെന്റ് നം/തീയതി | 87/AE/LSGD/EDML/21-22/25.3.22 |
| ബിൽ നം./തീയതി, തുക | ചെക്ക് നം. 279933, തീ- 24.12.22-3,68,253/- രൂപ. |
| എം. ബുക്ക് നമ്പർ | 237/21-22 |
| പി.എ.സി. | 3,12,273/-രൂപ. |

പ്രവൃത്തിയുടെ സൈറ്റ് ഹാൻഡ് ഓവർ ചെയ്തിട്ടുള്ളത് 25.3.2022-ലാണ്. ടി തീയതിയിൽ പ്രവൃത്തി ആരംഭിച്ചതായി കണക്കാക്കാവുന്നതാണ്. പ്രവൃത്തി പൂർത്തീകരണ കാലയളവ് 2 മാസമാണ്. അതായത്, പ്രവൃത്തി 24.5.2022-നകം പൂർത്തീകരിക്കേണ്ടതായിരുന്നു. പ്രവൃത്തി യഥാർത്ഥത്തിൽ പൂർത്തീകരിച്ചത് 31.10.22ൽ മാത്രമാണ്. ഈടാക്കേണ്ടിയിരുന്ന പിഴയുടെ വിവരം ചുവടെ ചേർക്കുന്നു.

വൈകിയ കാലയളവ് - 25.5.22 To 31.10.22 = 160ദിവസം.

പിഴ = 312273x(0.1/100)x(160/7)=7,138/-രൂപ.

ഈടാക്കിയ തുക=3,121/-രൂപ.

ഈടാക്കാൻ ബാക്കി=7138 -3121 = 4,017/- രൂപ.

മേൽവിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.13/10.11.23) മറുപടി ലഭ്യമാക്കിയില്ല. ഈ സാഹചര്യത്തിൽ, ക്രമ നമ്പർ (1), (2), (3), (4), (5) എന്നിവ പ്രകാരമുള്ള 1,00,295/-രൂപ (59086+25407+8689+3096+4017=100295/-രൂപ) കരാറുകാരനിൽ നിന്നോ, ഉത്തരവാദിയായ നിർവഹണോദ്യോഗസ്ഥനിൽ നിന്നോ ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം. – 13/10.11.23.

നഷ്ടം – 1,00,295/-രൂപ.

1-23 റോഡ് കണക്ടിവിറ്റി മാപ്പ് തയ്യാറാക്കൽ - പ്രോജക്ട് പൂർത്തീകരിച്ചില്ല

അസി. എഞ്ചിനീയർ നിർവഹണ ഉദ്യോഗസ്ഥനായി 2021-22 ൽ വിഭാവനം ചെയ്ത പ്രസ്തുത പ്രോജക്ടിന് (പ്രോജക്ട് നം. 274/22) തനതുഫണ്ടിൽ നിന്നും 60,000/- രൂ. അടങ്കൽ നിശ്ചയിച്ചിരുന്നു. 2021-22 ൽ പ്രോജക്ടിനായി 30,000/-രൂപ ചെലവഴിച്ചു (ചെക്ക് നം. 408527/26.3.22). തുടർന്ന് 2022-23 ൽ പ്രോജക്ട് സ്പിൽ ഓവറാക്കി 25,000/- രൂപ ചെലവഴിച്ചിട്ടുണ്ട് (ചെക്ക് നം.3754742/21.11.2022). ഇപ്രകാരം, പ്രോജക്ടിനു വേണ്ടിയുള്ള നാളിതുവരെയുള്ള ചെലവ് 55,000/- രൂപയാണ്.

1 മുതൽ 22 വരെയുള്ള വാർഡുകളിലെ റോഡ് കണക്ടിവിറ്റി മാപ്പ് തയ്യാറാക്കുന്നതിനാവശ്യമായ വിവരങ്ങൾ ശേഖരിച്ച് ആർ-ട്രാക്ക് ആപ്പിൽ ഉൾപ്പെടുത്തുന്നതിനുവേണ്ടിയാണ് 60,000/- രൂപ വകയിരുത്തിയത്. പഞ്ചായത്ത് ഡയറക്ടറുടെ 23.11.2021-ലെ PAN/3173/2021-J1(DP) നം. കത്തിലെ നിർദ്ദേശപ്രകാരം വാർഡ് ഒന്നിന് 3,000/- രൂപ ക്രമത്തിൽ 66,000/- രൂപ വകയിരുത്തേണ്ടതായിരുന്നു. പദ്ധതിക്കായി ആകെ 55,000/- രൂപ ചെലവഴിച്ചുവെങ്കിലും നാളിതുവരെ പൂർത്തീകരിച്ചിട്ടില്ല.

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.13/10.11.23) നിർവഹണ ഉദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കിയില്ല. പദ്ധതി നാളിതുവരെ പൂർത്തീകരിക്കാത്തതിനാൽ തൻവർഷം പ്രസ്തുത പ്രോജക്ടിനായി ചെലവഴിച്ച 25,000/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. പ്രവൃത്തി എത്രയും വേഗം പൂർത്തീകരിക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം. – 13/10.11.23.

തടസ്സപ്പെടുത്തിയ തുക – 25,000/-രൂപ.

1-24 കുഴിച്ചെടുത്ത മണ്ണ് ഫില്ലിംഗിന് ഉപയോഗിച്ചില്ല- നിരാകരിക്കുന്ന തുക-14,011/- രൂപ

| | |
|---|---|
| പ്രോജക്ട് നമ്പർ | 38/23 (Spill Over Of 146/22) |
| പ്രോജക്ടിന്റെ പേര് | ചെമ്പകരാമനല്ലൂർ ചിറ നവീകരണം |
| നിർവഹണം | അസി. എഞ്ചിനീയർ, LSGD. |
| അടങ്കൽ തുക | 20,00,000/- (CFC) |
| കരാറുകാരൻ | ശ്രീ. അഭിഷിക്ത് വിജയ് (15,39,191.20 രൂപ) |
| എഗ്രിമെന്റ് നം./ തീയതി | 62/AE/LSGD/EDML/21-22/27.1.2022 |
| എം.ബുക്ക് നം. | 269/21-22 |
| ബിൽ നം,/തീയതി, തുക | ബിൽ നം. XVFC/21-22/P/20 തീയതി-31.3.22 , 8,38,543/-രൂപ.<br>ബിൽ നം. XVFC/22-23/P/15 തീയതി-29.3.23 , 7,95,943/-രൂപ. |

പ്രവൃത്തിയുടെ റിവൈസ്ഡ് എസ്റ്റിമേറ്റ് ഇനം നം. 15 പ്രകാരം 264.735$m^3$ മണ്ണ് നിറച്ചതിന് 240 രൂപ/$m^3$ നിരക്കിൽ 63536.40 രൂപ കരാറുകാരന് നൽകിയിട്ടുണ്ട് (എം.ബുക്ക് പേജ് നം.24, 25). ഇനം 5 പ്രകാരം 58.38$m^3$ മണ്ണ് കുഴിച്ചെടുത്തിട്ടുണ്ട്. ആയതിന് 236 രൂപ/$m^3$ നിരക്കിൽ 13,777.68 രൂപ അനുവദിച്ചിട്ടുണ്ട് (എം. ബുക്ക് പേജ് നം. 39).

എന്നാൽ, ഇനം 5 പ്രകാരം കുഴിച്ചെടുത്ത 58.38$m^3$ മണ്ണ് ഫില്ലിംഗിന് ഉപയോഗിച്ചിട്ടില്ല. ഈ മണ്ണ് ഫില്ലിംഗിന് ഉപയോഗയോഗ്യമല്ല എന്നോ, മറ്റെവിടെയെങ്കിലും ഉപയോഗിച്ചിട്ടുണ്ടെന്നോ അസി. എഞ്ചിനീയർ എം.ബുക്കിൽ സാക്ഷ്യപ്പെടുത്തിയിട്ടില്ല. പ്രസ്തുത പ്രോജക്ടിൽ ചിറയുടെ ആഴം കൂട്ടുന്നതിനായി കുഴിച്ചെടുത്ത മണ്ണും മണലും കലർന്ന മണ്ണ് ലേലം ചെയ്തതായും, തുക പഞ്ചായത്ത് ഫണ്ടിൽ മുതൽക്കൂട്ടിയിട്ടുള്ളതായും രേഖകളിൽ കാണുന്നു. ആയതിനാൽ തന്നെ ചിറയുടെ പാർശ്വഭിത്തി

നിർമ്മാണത്തിനായി വാനം വെട്ടിയപ്പോൾ ലഭിച്ച പ്രസ്തുത 58.38m$^3$ മണ്ണ് ഫില്ലിംഗിന് ഉപയോഗിക്കാമായിരുന്നുവെന്ന് വ്യക്തമാണ്.

| | |
|---|---|
| കരാറുകാരൻ ഫില്ല് ചെയ്ത മണ്ണിന്റെ അളവ് | 264.735 M$^3$ |
| 58.38 M$^3$ മണ്ണ് ഫില്ലിംഗിന് ഉപയോഗിച്ചിരുന്നുവെങ്കിൽ ആവശ്യമായ മണ്ണിന്റെ അളവ് | 264.735-58.38= 206.355 M$^3$ |
| 206.355 M$^3$ മണ്ണ് നിറയ്ക്കുന്നതിന് കരാറുകാരന് നൽകേണ്ട തുക | 206.355x240= 49,525.20 രൂപ |
| കരാറുകാരന് അധികം നൽകിയ തുക | 63536.40-49525.20=14,011/-രൂപ |

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.13/10.11.23) നിർവഹണോദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കിയില്ല. അധികം നൽകിയ തുക കരാറുകാരനിൽ നിന്നോ ഉത്തരവാദിയായ നിർവഹണോദ്യോഗസ്ഥനിൽ നിന്നോ ഈടാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം. – 13/10.11.23

നഷ്ടം – 14,011/-രൂപ.

1-25 MGNREGS- മെറ്റീരിയൽ പ്രവൃത്തികളിൽ ജി.എസ്.റ്റി. 2% റ്റി.ഡി.എസ്. ആയി കുറവ് ചെയ്തിട്ടില്ല.

2017-ലെ സെൻട്രൽ ഗുഡ്സ് & സർവീസസ് ടാക്സ് ആക്ടിലെ വകുപ്പ് 51, കേന്ദ്ര സർക്കാരിന്റെ സെൻട്രൽ ബോർഡ് ഓഫ് ഇൻഡയറക്ട് ടാക്സസ് & കസ്റ്റംസ്-ന്റെ 13.9.2018-ലെ 50/2018 നമ്പർ നോട്ടിഫിക്കേഷൻ, കേന്ദ്ര റവന്യൂ വകുപ്പിന്റെ 14.9.2018-ലെ സർക്കുലർ നം. 65/39/2018-DOR എന്നിവ പ്രകാരം 2,50,000/- രൂപയിൽ കൂടുതലായി കരാർ തുകകൾ നൽകുമ്പോൾ 2% GST സ്രോതസ്സിൽ നിന്നും കുറവ് ചെയ്ത് അടയ്ക്കേണ്ടതുണ്ട്. 30.7.2019-ലെ സർക്കുലർ നം. 957/EGSC/16/REGS പ്രകാരം തൊഴിലുറപ്പ് പദ്ധതിയിലുൾപ്പെടുത്തി വാങ്ങുന്ന സാധന സാമഗ്രികളുടെ കരാർ തുക 2,50,000/- രൂപയിൽ കൂടുതലാണെങ്കിൽ GST 2% ഉത്ഭവത്തിൽ കുറവ് ചെയ്യേണ്ടതാണ്. എന്നാൽ 2022-23 വർഷം നടപ്പിലാക്കിയ ചുവടെ ചേർക്കുന്ന പ്രവൃത്തികളിൽ അപ്രകാരം ചെയ്തിട്ടില്ല.

| ക്രമ നം. | പ്രവൃത്തിയുടെ വിവരം | റ്റി.ഡി.എസ്. ആയി ഈടാക്കേണ്ട ജി.എസ്.റ്റി. 2% (രൂപ) |
|---|---|---|
| 1 | RC/340444<br>പള്ളിക്കുന്ന് വാഴോട്ട് ഏലാ റോഡ് കോൺക്രീറ്റ് (വാർഡ്-10)<br>കരാറുകാരൻ - ശ്രീ. ഹാരീസ്<br>മെറ്റീരിയൽ സപ്ലൈ ചെയ്ത ഇനത്തിലെ തുക-4,07,048/- രൂപ. | 8,141/- |
| 2 | RC/340830<br>റേഷൻകട ചെങ്കുളം ഫാക്ടറി വാലിക്കോട്ട് കിഴക്കേടത്ത് ഭാഗം റോഡ് കോൺക്രീറ്റ് (വാർഡ്-22)<br>കരാറുകാരൻ - ശ്രീ. മണി ജെ.<br>മെറ്റീരിയൽ സപ്ലൈ ചെയ്ത ഇനത്തിലെ തുക-4,11,163/- രൂപ. | 8,223/- |
| 3 | RC/341342<br>പയറ്റുവിള അനന്തൻകാവ് റോഡ് നിർമ്മാണം (വാർഡ്-7) | 7,298/- |

| | | |
|---|---|---|
| | കരാറുകാരൻ - ശ്രീ. ഹാരീസ്<br>മെറ്റീരിയൽ സപ്ലൈ ചെയ്ത ഇനത്തിലെ തുക-3,64,911/- രൂപ. | |
| 4 | RC/340591<br>കളിയിൽക്കുന്ന് റോഡ് കോൺക്രീറ്റ് (വാർഡ്-17)<br>കരാറുകാരൻ - ശ്രീ. ഹാരീസ്<br>മെറ്റീരിയൽ സപ്ലൈ ചെയ്ത ഇനത്തിലെ തുക-4,09,306/- രൂപ. | 8,186/- |
| | ആകെ | 31,848/- |

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 9/9.11.23) ലഭ്യമാക്കിയ മറുപടിയിൽ ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് TDS ഒടുക്കാൻ നടപടി സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. ടി തുക ബില്ലുകളിൽ നിന്നും ഈടാക്കി ബന്ധപ്പെട്ട വകുപ്പിൽ ഒടുക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-26 മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി- പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നില്ല.

2022-23 ൽ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ 12,78,83,000/-രൂപ വകയിരുത്തി 263680 തൊഴിൽ ദിനങ്ങൾ ലക്ഷ്യമിട്ട് ആക്ഷൻ പ്ലാൻ അംഗീകരിച്ചിരുന്നു. എന്നാൽ ഓഡിറ്റിന് ലഭ്യമാക്കിയ രേഖകൾ പരിശോധിച്ചതിൽ 199753 തൊഴിൽ ദിനങ്ങൾ (75.76%) സൃഷ്ടിക്കാൻ കഴിഞ്ഞതായി കാണുന്നു. വിവിധ പ്രവൃത്തികൾക്കായി 7,91,76,000/-രൂപ ചെലവഴിച്ചിട്ടുണ്ട് (വകയിരുത്തിയ തുകയുടെ 61.91%). 100 ദിനം തൊഴിൽ ലഭ്യമായ കുടുംബങ്ങളുടെ എണ്ണം 695 ആണ്. വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രവൃത്തി ഇനം | ആക്ഷൻ പ്ലാൻ പ്രകാരം ലക്ഷ്യമിട്ട എണ്ണം | ഏറ്റെടുത്ത പ്രവൃത്തികളുടെ എണ്ണം | പൂർത്തീകരിച്ച പ്രവൃത്തികളുടെ എണ്ണം | പൂർത്തീകരിക്കാത്ത പ്രവൃത്തികളുടെ എണ്ണം | ആക്ഷൻ പ്ലാൻ പ്രകാരം ലക്ഷ്യമിട്ട പ്രവൃത്തികളിൽ പൂർത്തീകരിച്ചവയുടെ ശതമാനം |
|---|---|---|---|---|---|---|
| 1 | പുരയിടം തട്ടുതിരിക്കൽ | 176 | 71 | 52 | 19 | 29.54 |
| 2 | വ്യക്തിഗത പ്രവൃത്തികൾ | 976 | 69 | 58 | 11 | 5.9 |
| 3 | റോഡ് കോൺക്രീറ്റ് | 40 | 6 | 4 | 2 | 10 |
| 4 | നിലം കൃഷിയോഗ്യമാക്കൽ | 22 | 13 | 11 | 2 | 50 |
| 5 | വൃക്ഷത്തൈ നടീൽ | 44 | 20 | 9 | 11 | 20.45 |
| 6 | മൺകയ്യാല | 220 | 13 | 11 | 2 | 5 |
| 7 | തോട് | 110 | 0 | 0 | 0 | 0 |
| 8 | മഴക്കുഴി | 176 | 7 | 5 | 2 | 2.84 |
| 9 | Thodu With Coir Geotextiles | 22 | 3 | 2 | 1 | 9.09 |
| 10 | ചിറ | 13 | 0 | 0 | 0 | 0 |
| ആകെ | | | | | 50 | |

ഫണ്ടിന്റെ അപര്യാപ്തത മൂലമാണ് പ്രവൃത്തികൾ പൂർത്തിയാക്കാൻ സാധിക്കാഞ്ഞത് എന്ന് ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്കുള്ള (നം. 9/9.11.23) മറുപടിയിൽ വിശദീകരിച്ചിട്ടുണ്ട്. അംഗീകൃത ആക്ഷൻ പ്ലാൻ പ്രകാരമുള്ള പദ്ധതി നടത്തിപ്പിന്റെ ലക്ഷ്യം കൈവരിക്കാനുള്ള കാര്യക്ഷമമായ നടപടികൾ അധികൃതരുടെ ഭാഗത്തുനിന്നും ഉണ്ടാകേണ്ടതാണ്.

1-27 ഇൻഷൂറൻസ് കവറേജ് ഇല്ലാത്ത പ്രവൃത്തികൾക്ക് ഫൈൻ ഈടാക്കിയില്ല

ഓരോ പൊതുമരാമത്ത് പ്രവൃത്തിക്കും കരാർ തുകയുടെ 0.5%, (മിനിമം 2,00,000/-രൂപ, മാക്സിമം 5,00,000/-രൂപ) ഇൻഷൂറൻസ് കവറേജ് ആയി പ്രവൃത്തി തുടങ്ങി 15 ദിവസത്തിനകം കരാറുകാരൻ സമർപ്പിക്കേണ്ടതാണ്. അല്ലാത്തപക്ഷം കരാർ തുകയുടെ 0.2% ഫൈൻ ഇനത്തിൽ ബില്ലിൽ നിന്നും കുറവ് ചെയ്യേണ്ടതാണ്. പ്രസ്തുത വ്യവസ്ഥ കരാറുകാർക്ക് നൽകിയ ലെറ്റർ ഓഫ് അക്സപ്റ്റൻസിൽ വ്യക്തമായി രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ താഴെ പറയുന്ന പ്രവൃത്തികളിൽ ഇപ്രകാരമുള്ള നടപടി സ്വീകരിച്ചിട്ടില്ല എന്നു കാണുന്നു.

| ക്രമ നം. | പ്രോജക്ട് വിവരം | പി.എ.സി. തുക (₹) | ഈടാക്കേണ്ട ഫൈൻ തുക (₹) (പി.എ.സി. തുകയുടെ 0.2%) |
|---|---|---|---|
| 1 | പ്രോജക്ട് നം. 176/23<br>പടിഞ്ഞാറ്റിൻകര – ലക്ഷംവീട് കോളനി റോഡ് പുനരുദ്ധാരണം<br>കരാറുകാരൻ – ശ്രീ.അനിൽകുമാർ. | 1,26,807/- | 254/- |
| 2 | പ്രോജക്ട് നം.160/23<br>ഇടയം ഹൗസിംഗ് കോംപ്ലക്സ് റോഡ് പുനരുദ്ധാരണം<br>കരാറുകാരൻ – ശ്രീ.ഹാരീസ് | 1,34,031/- | 268/- |
| 3 | പ്രോജക്ട് നം. 199/23<br>വാളകം വാലിക്കോട് കോളനി റോഡ് പുനരുദ്ധാരണം<br>കരാറുകാരൻ- ശ്രീ. അനസ്. ബി. | 2,46,052/- | 492/- |
| 4 | പ്രോജക്ട് നം. 139/23<br>തടിക്കാട് മാർക്കറ്റ് ഷോപ്പിംഗ് കോംപ്ലക്സ് നവീകരണം<br>കരാറുകാരൻ – ശ്രീ. കെ. എസ്. നിസാറുദ്ദീൻ | 1,63,958/- | 328/- |
| 5 | പ്രോജക്ട് നം. 162/23<br>110KVസബ്സ്റ്റേഷൻ വഞ്ചിക്കൽ ഏണേക്കാട്ട് റോഡ് പുനരുദ്ധാരണം<br>കരാറുകാരൻ-ശ്രീ.ഹാരീസ് | 1,93,472/- | 387/- |
| 6 | പ്രോജക്ട് നം. 198/23<br>റീത്ത് പള്ളി കൊട്ടക്കാട്ട് ഭാഗം റോഡ് പുനരുദ്ധാരണം<br>കരാറുകാരൻ- ശ്രീ. സേതു. സി. | 2,13,378/- | 427/- |
| 7 | പ്രോജക്ട് നം. 215/23<br>പുതുപ്പടപ്പ് അങ്കണവാടി റോഡ് പുനരുദ്ധാരണം<br>കരാറുകാരൻ – ശ്രീ. കെ. എസ്. നിസാറുദ്ദീൻ | 1,29,141/- | 258/- |

| | | | |
|---|---|---|---|
| 8 | പ്രോജക്റ്റ് നം. 227/23<br>മാർച്ചാട് ജംഗ്ഷൻ കളീലിൽ ഭാഗം റോഡ് പുനരുദ്ധാരണം<br>കരാറുകാരൻ – ശ്രീ. ഹാരീസ് | 1,29,115/- | 258/- |
| 9 | പ്രോജക്റ്റ് നം. 221/23<br>വഞ്ചിക്കൽ – ഏണേക്കാട്ട് റോഡ് പുനരുദ്ധാരണം<br>കരാറുകാരൻ – ശ്രീ. ഹാരീസ് | 1,93,742/- | 387/- |
| 10 | പ്രോജക്റ്റ് നം. 229/23<br>ഇടവനഭാഗം പുലിയത്ത് ഏലാ റോഡ് പുനരുദ്ധാരണം<br>കരാറുകാരൻ – ശ്രീ. അനസ്. ബി. | 71,234/- | 142/- |
| 11 | പ്രോജക്റ്റ് നം. 204/23<br>തേവർതോട്ടം കുന്നത്തുമല റോഡ് പുനരുദ്ധാരണം<br>കരാറുകാരൻ – ശ്രീ. ഹാരീസ് | 97,564/- | 195/- |
| 12 | പ്രോജക്റ്റ് നം. 225/23<br>തടിക്കാട് ചന്തമുക്ക് ടെലഫോൺ എക്സ്ചേഞ്ച് റോഡ് പുനരുദ്ധാരണം<br>കരാറുകാരൻ – ശ്രീ. കെ. എസ്. നിസാറുദ്ദീൻ | 2,45,154/- | 490/- |
| 13 | പ്രോജക്റ്റ് നം. 223/23<br>മടുക്കൽ ഒഴുകുപാറയ്ക്കൽ റോഡ് പുനരുദ്ധാരണം<br>കരാറുകാരൻ – ശ്രീ. ഹാരീസ് | 2,58,223/- | 516/- |
| 14 | പ്രോജക്റ്റ് നം. 205/23<br>മുതുവാനം കുറ്ററ റോഡ് പുനരുദ്ധാരണം<br>കരാറുകാരൻ – ശ്രീ. ഹാരീസ് | 1,05,049/- | 210/- |
| 15 | പ്രോജക്റ്റ് നം. 207/23<br>തൊള്ളൂർ ഏലാ റോഡ് പുനരുദ്ധാരണം<br>കരാറുകാരൻ – ശ്രീ. ഹാരീസ് | 1,34,031/- | 268/- |
| 16 | പ്രോജക്റ്റ് നം. 211/23<br>സെന്റ് തെരേസാസ് – ഊറ്റടി റോഡ് പുനരുദ്ധാരണം<br>കരാറുകാരൻ – ശ്രീ. ഹാരീസ് | 2,55,545/- | 511/- |
| 17 | പ്രോജക്റ്റ് നം. 224/23<br>കൊച്ചുമുകളിൽ റോഡ് പുനരുദ്ധാരണം<br>കരാറുകാരൻ – ശ്രീ. ഹാരീസ് | 1,66,089/- | 332/- |
| 18 | പ്രോജക്റ്റ് നം. 226/23<br>കടുമങ്ങാട് റോഡ് പുനരുദ്ധാരണം<br>കരാറുകാരൻ- ശ്രീ. കെ. എസ്. നിസാറുദ്ദീൻ | 1,29,115/- | 258/- |
| 19 | പ്രോജക്റ്റ് നം. 201/23<br>പറങ്കിമാംമുകൾ റോഡ് പുനരുദ്ധാരണം | 2,45,053/- | 490/- |

| | | | |
|---|---|---|---|
| | കരാറുകാരൻ – ശ്രീ. ഹാരീസ് | | |
| 20 | പ്രോജക്ട് നം. 208/23<br>ുങ്ങറവള്ളി പൂത്താറ്റ് ആലുവിള റോഡ് പുനരുദ്ധാരണം<br>കരാറുകാരൻ – ശ്രീ. ഹാരീസ് | 1,29,155/- | 258/- |
| 21 | പ്രോജക്ട് നം. 217/23<br>ആയൂർ - പാറക്കെട്ടിൽ റോഡ് പുനരുദ്ധാരണം<br>കരാറുകാരൻ – ശ്രീ. ഹാരീസ് | 1,63,333/- | 327/- |
| 22 | പ്രോജക്ട് നം. 216/23<br>ചുണ്ടമുകൾ – എം.ജി.റോഡ് പുനരുദ്ധാരണം<br>കരാറുകാരൻ – ശ്രീ. കെ. എസ്. നിസാറുദ്ദീൻ | 1,29,155/- | 258/- |
| 23 | പ്രോജക്ട് നം. 202/23<br>തടിക്കാട് എ.കെ.എ.എച്ച്.എസ്.എസ്. ലിങ്ക്<br>റോഡ് പുനരുദ്ധാരണം<br>കരാറുകാരൻ – ശ്രീ. ഹാരീസ് | 1,30,002/- | 260/- |
| 24 | പ്രോജക്ട് നം. 133/23<br>പെരുകുന്നത്ത് ഏലാ റോഡ്<br>കരാറുകാരൻ – ശ്രീ. ഹാരീസ് | 1,32,075/- | 264/- |
| 25 | പ്രോജക്ട് നം. 145/23<br>തടിക്കാട് ജി.എൽ.പി.എസിന് പാചകപ്പുര റൂഫിംഗ്<br>കരാറുകാരൻ – ശ്രീ. രാജേഷ് | 71,341/- | 143/- |
| 26 | പ്രോജക്ട് നം. 181/23<br>കാവുംകോണം നാല് സെന്റ് കോളനി റോഡ് പുനരുദ്ധാരണം<br>കരാറുകാരൻ – ശ്രീ. മുഹമ്മദ് നജീബ്. ഇ. വി. | 2,52,777/- | 506/- |
| 27 | പ്രോജക്ട് നം. 157/23<br>ചെറുവാള്ളൂർ കോളനി റോഡ് പുനരുദ്ധാരണം<br>കരാറുകാരൻ – ശ്രീ. കെ. എസ്. നിസാറുദ്ദീൻ | 82,925/- | 166/- |
| 28 | പ്രോജക്ട് നം. 168/23<br>പള്ളിമുക്ക് ടി.എച്ച്.എസ്.റോഡ് നവീകരണം<br>കരാറുകാരൻ – ശ്രീ. ഹാരീസ് | 4,17,798/- | 836/- |
| 29 | പ്രോജക്ട് നം. 185/23<br>ആയൂർ – ചുണ്ടമുകൾ റോഡ് പുനരുദ്ധാരണം<br>കരാറുകാരൻ – ശ്രീ. കെ. എസ്. നിസാറുദ്ദീൻ | 1,28,037/- | 256/- |
| 30 | പ്രോജക്ട് നം. 163/23<br>അയണിവിള കോളനി റോഡ് പുനരുദ്ധാരണം<br>കരാറുകാരൻ – ശ്രീ. കെ. എസ്. നിസാറുദ്ദീൻ | 5,87,264/- | 1,175/- |

| | | | |
|---|---|---|---|
| 31 | പ്രോജക്റ്റ് നം. 188/23<br>ആയൂർ ഡയറിഫാം റോഡ് പുനരുദ്ധാരണം<br>കരാറുകാരൻ – ശ്രീ. ഹാരീസ് | 1,96,616/- | 393/- |
| 32 | പ്രോജക്റ്റ് നം. 177/23<br>പടിഞ്ഞാറ്റിൻകര- കളീലഴികത്ത് റോഡ് പുനരുദ്ധാരണം<br>കരാറുകാരൻ – ശ്രീ. സത്യരാജൻ. കെ. | 42,097/- | 84/- |
| 33 | പ്രോജക്റ്റ് നം. 158/23<br>നെടുങ്ങോട്ടുകോണം കോളനി റോഡ് പുനരുദ്ധാരണം<br>കരാറുകാരൻ – ശ്രീ. ഹാരീസ് | 1,30,380/- | 261/- |
| 34 | പ്രോജക്റ്റ് നം. 1/23<br>അങ്കണവാടികൾ സ്മാർട്ട് അങ്കണവാടികളാക്കി മാറ്റൽ<br>കരാറുകാരൻ- ശ്രീ. വിഷ്ണുദത്ത് | 32,68,758/- | 6,538/- |
| 35 | പ്രോജക്റ്റ് നം. 179/23<br>വട്ടയം കോളനി (എസ്.സി.പി) റോഡ് പാർശ്വഭിത്തി<br>കരാറുകാരൻ -ശ്രീ. കെ. എസ്. നിസാറുദ്ദീൻ | 2,55,861/- | 512/- |
| ആകെ | | | 18,708/- |

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 13/10.11.23) മറുപടി ലഭ്യമാക്കിയില്ല. ടി തുക ബന്ധപ്പെട്ട കരാറുകാരിൽ നിന്നും ഈടാക്കി ഗ്രാമ പഞ്ചായത്ത് ഫണ്ടിൽ ഒടുക്കുവരുത്തേണ്ടതാണ്.

1-28 ഇ-ടെണ്ടർ ഫാറവില തിരികെ ഈടാക്കാൻ നടപടി സ്വീകരിക്കണം.

2021-22- ലെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 1-12 പ്രകാരം ഇ-ടെണ്ടർ ഫാറ വില ഇനത്തിൽ കൊല്ലം ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്തിട്ടുള്ളതും, ഇടമുളയ്ക്കൽ ഗ്രാമപഞ്ചായത്തിന് തിരികെ ലഭിക്കാനുള്ളതുമായ തുക 1,61,950/- രൂപയാണ് (23.12.2019 വരെ). ടി തുക നാളിതുവരെ പഞ്ചായത്തിന് ലഭ്യമായിട്ടില്ല.

ഇടമുളയ്ക്കൽ ഗ്രാമപഞ്ചായത്ത് അസി. എഞ്ചിനീയറുടെ (LSGD) അക്കൗണ്ടിൽ (A/c No. 37865651332, SBI, ആയൂർ ശാഖ) ടിയിനത്തിൽ ക്രെഡിറ്റ് വന്നിട്ടുള്ള തുകയിൽ 6,00,000/- രൂപ ചെക്ക് നം. 710873/24.2.2023 (രസീത് നം. 1220305836/G020505/24.2.2023) പ്രകാരം പഞ്ചായത്ത് ഫണ്ടിൽ ഒടുക്കിയിട്ടുണ്ട്.

7.11.2023-ലെ ടി അക്കൗണ്ടിലെ നീക്കിയിരിപ്പ് 1,26,053/-രൂപയാണ്.

ഇ-ടെണ്ടർ ഫാറ വില ഇനത്തിൽ കൊല്ലം ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിലും, അസി. എഞ്ചിനീയറുടെ (LSGD) അക്കൗണ്ടിലും അവശേഷിക്കുന്ന തുകകൾ എത്രയും വേഗം പഞ്ചായത്ത് ഫണ്ടിൽ ഒടുക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

# ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 കുഴിച്ചെടുത്ത മണ്ണ് ഫില്ലിംഗിന് ഉപയോഗിച്ചില്ല - നിരാകരിക്കുന്ന തുക-14,011/- രൂപ

| | |
|---|---|
| പ്രോജക്ട് നമ്പർ | 38/23 (Spill Over Of 146/22) |
| പ്രോജക്ടിന്റെ പേര് | ചെമ്പകരാമനല്ലൂർ ചിറ നവീകരണം |
| നിർവ്വഹണം | അസി. എഞ്ചിനീയർ, LSGD. |
| അടങ്കൽ തുക | 20,00,000/- (CFC) |
| കരാറുകാരൻ | ശ്രീ. അഭിഷിക്ത് വിജയ് (15,39,191.20 രൂപ) |
| എഗ്രിമെന്റ് നം./ തീയതി | 62/AE/LSGD/EDML/21-22/27.1.2022 |
| എം.ബുക്ക് നം. | 269/21-22 |
| ബിൽ നം,/തീയതി, തുക | ബിൽ നം. XVFC/21-22/P/20 തീയതി-31.3.22 , 8,38,543/-രൂപ.<br>ബിൽ നം. XVFC/22-23/P/15 തീയതി-29.3.23 , 7,95,943/-രൂപ. |

പ്രവൃത്തിയുടെ റിവൈസ്ഡ് എസ്റ്റിമേറ്റ് ഇനം നം. 15 പ്രകാരം 264.735$m^3$ മണ്ണ് നിറച്ചതിന് 240 രൂപ/$m^3$ നിരക്കിൽ 63536.40 രൂപ കരാറുകാരന് നൽകിയിട്ടുണ്ട് (എം.ബുക്ക് പേജ് നം.24, 25). ഇനം 5 പ്രകാരം 58.38$m^3$ മണ്ണ് കുഴിച്ചെടുത്തിട്ടുണ്ട്. ആയതിന് 236 രൂപ/$m^3$ നിരക്കിൽ 13,777.68 രൂപ അനുവദിച്ചിട്ടുണ്ട് (എം. ബുക്ക് പേജ് നം. 39).

എന്നാൽ, ഇനം 5 പ്രകാരം കുഴിച്ചെടുത്ത 58.38$m^3$ മണ്ണ് ഫില്ലിംഗിന് ഉപയോഗിച്ചിട്ടില്ല. ഈ മണ്ണ് ഫില്ലിംഗിന് ഉപയോഗയോഗ്യമല്ല എന്നോ, മറ്റെവിടെയെങ്കിലും ഉപയോഗിച്ചിട്ടുണ്ടെന്നോ അസി. എഞ്ചിനീയർ എം.ബുക്കിൽ സാക്ഷ്യപ്പെടുത്തിയിട്ടില്ല. പ്രസ്തുത പ്രോജക്ടിൽ ചിറയുടെ ആഴം കൂട്ടുന്നതിനായി കുഴിച്ചെടുത്ത മണ്ണും മണലും കലർന്ന മണ്ണ് ലേലം ചെയ്തതായും, തുക പഞ്ചായത്ത് ഫണ്ടിൽ മുതൽക്കൂട്ടിയിട്ടുള്ളതായും രേഖകളിൽ കാണുന്നു. ആയതിനാൽ തന്നെ ചിറയുടെ പാർശ്വഭിത്തി നിർമ്മാണത്തിനായി വാനം വെട്ടിയപ്പോൾ ലഭിച്ച പ്രസ്തുത 58.38$m^3$ മണ്ണ് ഫില്ലിംഗിന് ഉപയോഗിക്കാമായിരുന്നുവെന്ന് വ്യക്തമാണ്.

| | |
|---|---|
| കരാറുകാരൻ ഫില്ല് ചെയ്ത മണ്ണിന്റെ അളവ് | 264.735 $M^3$ |
| 58.38 $M^3$ മണ്ണ് ഫില്ലിംഗിന് ഉപയോഗിച്ചിരുന്നുവെങ്കിൽ ആവശ്യമായ മണ്ണിന്റെ അളവ് | 264.735-58.38= 206.355 $M^3$ |
| 206.355 $M^3$ മണ്ണ് നിറയ്ക്കുന്നതിന് കരാറുകാരന് നൽകേണ്ട തുക | 206.355x240= 49,525.20 രൂപ |
| കരാറുകാരന് അധികം നൽകിയ തുക | 63536.40-49525.20=14,011/-രൂപ |

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.13/10.11.23) നിർവ്വഹണോദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കിയില്ല. അധികം നൽകിയ തുക കരാറുകാരനിൽ നിന്നോ ഉത്തരവാദിയായ നിർവ്വഹണോദ്യോഗസ്ഥനിൽ നിന്നോ ഈടാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം. – 13/10.11.23
നഷ്ടം – 14,011/-രൂപ.

# ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2022-23 | 09-11-2013 | കെ.എസ്.എ.കെ.എൽ.എം.പി.1/1952 /23 തീയതി 04/112/2023 |

## 4-2 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക (₹) | പ്രോജക്ടിന്റെ പേര് | ചെലവ് (₹) | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2022-23 | 94,219/- | ലൈഫ് ഭവന നിർമ്മാണം SCP-68/23 | 94,219/- | - |
| ബ്ലോക്ക് പഞ്ചായത്ത് | 2022-23 | 4,00,000/- | ലൈഫ് ഭവന നിർമ്മാണം SCP-അഡീഷണൽ പട്ടിക ജാതി-69/23 | 4,00,000/- | - |
| ബ്ലോക്ക് പഞ്ചായത്ത് | 2022-23 | 2,00,000/- | ഭൂരഹിത- ഭവനരഹിതർ- ലൈഫ് എസ്.സി.പി-70/23 | 2,00,000/- | - |
| ബ്ലോക്ക് പഞ്ചായത്ത് | 2022-23 | 3,20,000/- | ഭൂരഹിത- ഭവനരഹിതർ- ലൈഫ്-73/23 | 3,20,000/- | - |
| ബ്ലോക്ക് പഞ്ചായത്ത് | 2022-23 | 1,95,731/- | ലൈഫ് ഭവന നിർമ്മാണം SCP-അഡീഷണൽ പട്ടിക ജാതി-108/23 | 1,95,731/- | - |
| ബ്ലോക്ക് പഞ്ചായത്ത് | 2022-23 | 2,23,169/- | ഭൂരഹിത- ഭവനരഹിതർ- ലൈഫ് എസ്.സി.പി-109/23 | 2,23,169/- | - |
| ബ്ലോക്ക് പഞ്ചായത്ത് | 2022-23 | 8,20,000/- | ഭൂരഹിത- ഭവനരഹിതർ- ലൈഫ്-112/23 | 8,20,000/- | - |
| ബ്ലോക്ക് പഞ്ചായത്ത് | 2022-23 | 2,50,000/- | അതിദരിദ്രുടെ ലിസ്റ്റിൽ ഉൾപ്പെട്ടവർക്ക് ഭവനപുനരുദ്ധരണം-300/23 | 2,50,000/- | - |
| ബ്ലോക്ക് പഞ്ചായത്ത് | 2022-23 | 3,20,000/- | ലൈഫ് 2020-ജനറൽ-301/23 | 3,20,000/- | - |
| ബ്ലോക്ക് പഞ്ചായത്ത് | 2022-23 | 6,80,000/- | ലൈഫ് 2020-ജനറൽ-302/23 | 6,80,000/- | - |
| ബ്ലോക്ക് പഞ്ചായത്ത് | 2022-23 | 3,00,000/- | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ്- | 3,00,000/- | - |
| ബ്ലോക്ക് പഞ്ചായത്ത് | 2022-23 | 1,50,000/- | അനുപൂരക പോഷകാഹാരം | 1,50,000/- | - |
| ബ്ലോക്ക് പഞ്ചായത്ത് | 2022-23 | 6,36,860/- | പാലിന് സബ്സിഡി | 6,36,860/- | - |
| ജില്ലാ പഞ്ചായത്ത് | 2022-23 | 37,625/- | പാലിന് സബ്സിഡി | 37,625/- | - |
| ജില്ലാ പഞ്ചായത്ത് | 2022-23 | 6,00,000/- | ലൈഫ് ഭവന നിർമ്മാണം-ജനറൽ | 6,00,000/- | - |

| | | | | | |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2022-23 | 8,00,000/- | ലൈഫ് ഭവന നിർമ്മാണം-SCP | 8,00,000/- | - |
| ജില്ലാ പഞ്ചായത്ത് | 2022-23 | 1,73,628/- | അനുപൂരക പോഷകാഹാരം | 1,73,628/- | - |
| ജില്ലാ പഞ്ചായത്ത് | 2022-23 | 2,00,000/- | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ്- | 2,00,000/- | - |

## 4-3 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക (₹) | ചെലവഴിച്ച തുക (₹) | ചെലവഴിക്കാൻ ബാക്കിയുള്ള തുക (₹) |
|---|---|---|---|---|---|
| ഭൂഗർഭ ജല വകുപ്പ് | ഗ്രാമ പഞ്ചായത്ത് ഓഫീസിൽ കുഴൽകിണർ നിർമ്മാണം | 06/22-23/ 02-06-2022 | 2,34,600/- | 1,77,832/- | 56,768/- |
| കെ.എസ്.ഇ.ബി | അടിയന്തിര പ്രാധാന്യമുള്ള പോസ്റ്റുകൾ മാറ്റി സ്ഥാപിക്കൽ | 22/22-23- 21-01-2023 | 1,97,961/- | 1,97,961/- | 0 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ 1,34,00,000/- രൂപ വരവുണ്ട്.

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തീയതി | വായ്പ തുക (₹) | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക (₹) | തൻവർഷം തിരിച്ചടച്ച തുക (₹) | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക (രൂപ) |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് ഭവന പദ്ധതി | സ.ഉ.(എം.എസ്സ്) 2278/18 /തസ്വഭവ തീയതി- 13.08.2018 | 1,34,00,000/- | 2,17,51,625/- | 38,75,402/- | - | 3,12,76,223/- |

വാർഷിക ധനകാര്യ പത്രികയിൽ 31-03-2023 ലെ ലോൺ ബാധ്യതയായി ബി-5 പത്രികയിൽ ഉൾപ്പെടുത്തിയിരിക്കുന്ന തുക 3,09,23,539/-രൂപയാണ്.

## 4-6 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | ₹8,86,452/- |
| തൻവർഷം നിക്ഷേപിച്ച തുക | ₹62,052/- |

| | |
|---|---|
| | (പലിശ) |
| ആകെ | ₹9,48,504/- |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | ₹9,48,504/- |

മുൻബാക്കിയോടൊപ്പം തൻവർഷം ലഭിച്ച പലിശ വരവ് ഉൾപ്പെടുത്താതെയാണ് വാർഷിക ധനകാര്യ പത്രികയിൽ തുക ഉൾപ്പെടുത്തിയിരിക്കുന്നത്.

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .

| ക്രമ നം | സ്ഥാപനത്തിന്റെ പേര് (ബാങ്ക്/ട്രഷറി/പോസ്റ്റ് ഓഫീസ്....) | നിക്ഷേപിച്ച തിയതി | കാലയളവ് | തുക (₹) | റിമാർക്ക്സ് |
|---|---|---|---|---|---|
| 1. | അറയ്ക്കൽ സർവ്വീസ് സഹകരണ ബാങ്ക്- | 25-02-2023 | 1 വർഷം | 9,48,504/- | . |

## 4-7 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

ഇല്ല

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

(എ)ചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

(ബി)സർചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക (₹) | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | - | 14,011/- | ശ്രീ. സുനിൽകുമാർ പി, അസിസ്റ്റന്റ് എഞ്ചിനീയർ |
| 1-22 | - | 1,00,295/- | ശ്രീ. സുനിൽകുമാർ പി, അസിസ്റ്റന്റ് എഞ്ചിനീയർ |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക (₹) | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-14 | 15,00,000/- | ശ്രീ. ശ്രീകുമാർ, ഹെഡ്മാസ്റ്റർ |
| 1-15 | 6,57,792/- | ശ്രീ. ശ്രീകുമാർ, ഹെഡ്മാസ്റ്റർ |
| 1-16 | 56,768/- | ശ്രീമതി. സബിത യു, സെക്രട്ടറി |
| 1-19 | 2,445/- | ശ്രീമതി. സോണി എസ്, ഐ.സി.ഡി.എസ് സൂപ്പർവൈസർ |
| 1-19 | 25871/- | ശ്രീമതി. സിമി എസ്, ഐ.സി.ഡി.എസ് സൂപ്പർവൈസർ |
| 1-23 | 25000/- | ശ്രീ. സുനിൽകുമാർ പി, അസിസ്റ്റന്റ് എഞ്ചിനീയർ |

(ബി). കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(സി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഡി) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തി ന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി. സബിത യു, സെക്രട്ടറി | സെക്രട്ടറി | |
| ശ്രീമതി. സോണി.എസ്, ഐ.സി.ഡി.എസ്. സൂപ്പർവൈസർ | എച്ച്.എച്ച്.എസ്.റ്റി. പാലക്കാട് | സോണി സദനം, ചെമ്പകരാമനെല്ലൂർ, അഞ്ചൽ |
| ശ്രീമതി. സിമി എസ് ഐ.സി.ഡി.എസ് സൂപ്പർവൈസർ | ഐ.സി.ഡി.എസ്. സൂപ്പർവൈസർ, പോത്തൻകോട് | അനുഗ്രഹവിലാസം, TC3/683, മുട്ടട പി.ഒ. തിരുവനന്തപുരം |
| ശ്രീ. ശ്രീകുമാർ ഹെഡ്മാസ്റ്റർ | ഹെഡ് മാസ്റ്റർ, ജി.എൽ.പി.എസ് ഇടമുളയ്ക്കൽ | കൃഷ്ണകൃപ, ഇടമുളയ്ക്കൽ പി.ഒ, അഞ്ചൽ |
| ശ്രീ. സുനിൽ കുമാർ പി., അസി. എഞ്ചിനീയർ | അസി. എഞ്ചിനീയർ, ഇടമുളയ്ക്കൽ ഗ്രാമപഞ്ചായത്ത് | സുനിൽ ഭവൻ, അരൂർ മുളക്കലത്ത് കാവ് തട്ടത്തുമല, കിളിമാനൂർ |

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | നിലവിലുള്ള ഖണ്ഡികകൾ |
|---|---|---|
| 1998-99 | കെ.എസ്.എ/കെ.എൽ.എം/പി-1/440(1)/21-03-2018 | 2 |
| 1999-00 | കെ.എസ്.എ/കെ.എൽ.എം/പി-1/440(2)/21-03-2018 | 1 |
| 2000-01 | കെ.എസ്.എ/കെ.എൽ.എം/പി-1/440(3)/21-03-2018 | 2 |
| 2001-02 | കെ.എസ്.എ/കെ.എൽ.എം/പി-1/440(4)/21-03-2018 | 1 |
| 2002-03 | കെ.എസ്.എ/കെ.എൽ.എം/പി-1/440(5)/21-03-2018 | 10 |
| 2003-04 | കെ.എസ്.എ/കെ.എൽ.എം/പി-1/440(6)/21-03-2018 | 6 |
| 2004-05 | കെ.എസ്.എ/കെ.എൽ.എം/പി-1/440(7)/21-03-2018 | 2 |
| 2005-06 | കെ.എസ്.എ/കെ.എൽ.എം/പി-1/440(8)/21-03-2018 | 2 |
| 2006-07 | കെ.എസ്.എ.കെ.എൽ.എം.പി1/794(1)/19 തീയതി 10.6.19 | 18 |
| 2007-08 | കെ.എസ്.എ.കെ.എൽ.എം.പി1/794(2)/19 തീയതി 10.6.19 | 14 |
| 2008-09 | കെ.എസ്.എ.കെ.എൽ.എം.പി1/794(3)/19 തീയതി 10.6.19 | 10 |
| 2009-10 | കെ.എസ്.എ.കെ.എൽ.എം.പി1/794(4)/19 തീയതി 10.6.19 | 5 |

| | | |
|---|---|---|
| 2010-11 | കെ.എസ്.എ.കെ.എൽ.എം.പി1/794(5)/19 തീയതി 10.6.19 | 6 |
| 2011-12 & 2012-13 | കെ.എസ്.എ.കെ.എൽ.എം.പി1/അദാലത്ത്/2011-12& 2012-13 /859/22 തീയതി 23.08.22 | 14 |
| 2013-14 & 2014-15 | കെ.എസ്.എ.കെ.എൽ.എം.പി1/അദാലത്ത്/2013- 2014 & 2014-15 /859/22 തീയതി 23.08.22 | 11 |
| 2015-16 | കെ.എസ്.എ.കെ.എൽ.എം.പി1/അദാലത്ത്/2015-16 / 859/22 തീയതി 23.08.22 | 10 |
| 2016-17 | കെ.എസ്.എ-കെഎൽ എം/പി1/ 1955/17 തീ 21-12-2017 | എല്ലാ ഖണ്ഡികകളും |
| 2017-18 | കെ.എസ്.എ-കെഎൽ എം/പി1-224/2019/1.4.2019 | ” |
| 2018-19 | കെ.എസ്എ-കെഎൽ എം/പി1-941/2020/16-11-2020 | ” |
| 2019-20 | കെ.എസ്എ-കെഎൽ എം/പി1/942/2020/16.03.2021 | ” |
| 2020-21 | കെ.എസ്എ-കെഎൽ എം/പി1/719/2022/23.07.2022 | ” |
| 2021-22 | കെ.എസ്എ-കെഎൽ എം/പി1/405/2022/10.04.2023 | ″ |

ഡെപ്യൂട്ടി ഡയറക്ടർ

ജില്ല ഓഡിറ്റ് കാര്യാലയം, കൊല്ലം

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## Annexure 1
## Audit Certificate

i. I have audited the attached Financial statements approved vide resolution number 10(1) dated 12-07-2023 and submitted on 01-08-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03-2023 , with supporting forms, of the Edamulakkal Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of Edamulakkal Grama Panchayat for the year 2022-2023

Date: 04/12/2023

Deputy Director(H.G)
District Office Kollam
Kerala State Audit Department

## Audit Report appended to the Audit Certificate of Edamulakkal Grama Panchayat for the Year 2022-2023.

**1.Major Observations**

1. The amount recieved vide recipt No 12200000249/03-10-2012 is accounted as `directly credited at bank account` in the reconciliation statement.

**2.Other Observations**

1. The following mandatory financial statement prescribed in accounting rules are not submitted for audit:-
   Ratios and secretary notes etc
2. Cashflow statement- Net increase /decrease in cashflow does not match with the difference between the opening balance and closing balance of cash and cash equivalents.
3. Actual loan liability does not match with the AFS.

4. The following registers are not maintained :-

Stock register, Advance Received register (Liability), Deposit register, Loan register, Advance/loan register (Asset), Investment register, loan register.

5. Demand registers are not periodically reconciled with accounts.

6. Payment Voucher-misclassification.

7. CFC balance accounted in the B-4 schedule does not match with B-17 schedule.

8. Details of Liability in respect of District and Block panchayath amount accounted in the Balance sheet not produced for audit.

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കൊല്ലം ജില്ലയിലെ ഇടമുളയ്ക്കൽ ഗ്രാമപഞ്ചായത്തിന്റെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം

## അനുബന്ധപത്രികകൾ

| | | |
|---|---|---|
| 1 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | സംക്ഷിപ്തം (Audited Abstract) |
| 2 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് | |
| 3 | ബാലൻസ് ഷീറ്റ് | |

ഡെപ്യൂട്ടി ഡയറക്ടർ

ജില്ല ഓഡിറ്റ് കാര്യാലയം, കൊല്ലം

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്